# SCROLL OF HONOUR

## INTERNATIONAL RECOGNITION



**Rahul R.** (V C)
Rank II (First Level) in 3rd International Maths Olympiad

## NATIONAL ACCOLADES



**Aravind Sreekumar** (IX A)
**NTSE Scholar**
Also, Member of 1st runner-up team in ICSEC's Frank Antony Debate, School *Kalaprathibha* (Pre-Seniors)



**Ashil Varghese Alexander** (IX A)
NTSE Scholar



**Balagopal U.** (IX A)
NTSE Scholar




**Arjun Shajan** (XI A)
Rank III
9th National Cyber Olympiad

## STATE FIRST IN INTERNATIONAL MATHS OLYMPIAD



**Prasath Siva Shanmugom**
VI A
Also, National Rank 7 in 9th Cyber Olympiad (Level-1)




**Shahbaz Anwar** (IV B)




**Rijo K. Alex** (IX A)



**Sidharth S.** (XI A)



**Joel Thomas** (II A)



**Arun Jose** (IV B)


## STATE LEVEL EXCELLENCE



**Ben Thomas**
Rank I in ISC 2009



**Kiran George Koshy**
Rank II in ISC 2009



**Ambareesh S.J.**(XI A)
Rank II in ICSE 2009 Also, First in *Carme Quest* & Chinmaya School quiz



**Varun Sujit Nair** (VII A)
1st with meet record in 100 m. butterfly stroke, 1st in 50 m. butterfly stroke & IInd in 100 m freestyle in State ICSE Aquatic Meet



**Adonis Thokalath Sunny** (XII B)
State First with A Grade in Chakiyarkooth & A Grade in Folk Dance in Schools Youth Festival



**Govind K.,** (X B)
All Kerala Chavara Scholarship Exam Rank II. Ist in TRINS FEST Science Quiz



**Sharath Rominus** (XII A)
Third in 100 m. Dash in ICSE/ISC Athletic Meet, First in World Water Day English Essay Competition



**Tomy Alexander** (XII B)
Member, U-19 Cricket Team



**Bharath Nair S.B.** (VI B)
Winner, Malayala Manorama Padippura Travelogue Award 2009



**Aadithya R.** (X B)
State Runner-up, OISCA Top Teens & First in AASHA Quiz



**Harikrishnan K.P.** (VII B)
Ist, Science & Maths Quiz at TRINS Fest, Zonal Rank II in FIITJEE FTRE 2009, First in Mathrubhumi Study Circle G.K. Exam.

# QUIZ WIZARDS

## SECOND IN TCS IT QUIZ



**Anand Krishnan P.** (XII A)



**Prithvi Lal** (XII A)

## FIRST IN ILLUMINATI SCIENCE QUIZ



**Job J.** (XI A)



**Nitin K. Chidambaram** (XI A)

## INTER-SCHOOL COMPETITIONS



**Bharath Ajith Sreenivasan** (X C)
Winner in Personality Contest at Bharathiya Vidya Bhavan & Nirmala Bhavan, First in Eng. Recitation at South Zone Sahodaya Lit. Fest, Master Loyola



**Vishnu Mohan** (XII A)
1st in Terumo Penpol Presentation & National Independence Day Quiz, 2nd in Limca Book of Records Quiz, 3rd in San Revo Quiz



**Noel Johns** (XI A)
First in Carme Quest & Chinmaya School Quiz



**Abhishek B.S.** (XII C)
2nd in Limca Book of Records Quiz



**Shyamkrishnan R.** (X B)
Best Speaker in ICSEC debate & Member of First runner-up team. Also, Best Senior Debater in Loyola



**Adarsh S.R.** (VII A)
Winner, Radio Mirchi Junior Mirchi Contest

## FIRST IN ICES & C.DAC QUIZ



**Harigopal A.** (IX A)



**Jijo Francis** (IX A)



**Hari Nair S.** (VII C)
First in Mal. Versification in SZS Competitions



**Keshav Dev J.S.** (XI C)
First in English Recitation in SZS Competitions

## FIRST IN AASHA QUIZ



**Pranoy S. Varma**
(X B)
(HS Section)



**Ajay A. Kumar**
(VII A)
(UP Section)



**Sachin R.**
(VII B)
(UP Section)



**Rajat R.** (VII B)
(UP Section) & School Kalaprathibha (Junior)



**Rino Joseph Jayan** (VI B)
First in Keyboard at SNPS. Also, School Individual Champion (Sports, Juniors)

## SELECTION TO DISTRICT TEAMS



**Purandaran S.**
(XI B)
U-19 Table Tennis
(District and South Zone)



**Fariq Naushad**
(XI C)
U-18 & U-16 Basketball



**Prateesh Michael**
(XII B)
U-18 Football



**Akbar Shah**
(IX D)
U-14 Football



**Madhav H.**
(VII A)
U-14 Football



**Harikrishnan A.**
(VII A)
U-14 Football


School Leader
**Ajith John** (XII A)


Assistant School Leader
**Sachin Sahuji** (X B)


Assistant School Leader
**Charudath Narayan** (IX D)



Junior School Leader
**Rahul S. Nair** (V B)


Assistant Junior School Leader
**Rahul Roy Mathew** (V A)


Assistant Junior School Leader
**Niranjan B.** (V C)

# SCHOOL LEADERS AND LAUREATES


General Captain
**Joel James Joseph** (XI A)


AP House Captain
**Bijo J. Thomas** (XI B)


SS House Captain
**Jeevan Sumaraj** (XI C)


JJ House Captain
**Arun Varghese**(XI C)
Also, Best Actor (English)


GG House Captain
**Syamaprakash M.S.** (XI D)
Also, Senior *Kalaprathibha*

Best Loyolite

**Raphael Thomas**
(XII D)

Best Athlete

**Sankarankutty R.** (XII A)
(Winner, Santhosh Solomon Memorial Trophy, Individual Champion)

## INDIVIDUAL CHAMPIONS (SPORTS)


**Ambadi Venugopal**
(VII C) (Std 7 & 8)


**Amal James**
(X C) (Std 9 &10)

## SCHOOL YOUTH FESTIVAL


***Kalaprathibha*** (Seniors)
Best Orator (Eng & Mal)
**Abin Francis** (XI C)


Best Singer
**Anand Shankar A.**
(XI C)


Best Actor (Malayalam)
**Varghese M. Samuel**
(X B)


Highest Points (Pre-Seniors)
**Arjun Shyam**
(VIII A)


Best Debater (Pre-Seniors)
**Akshay Jose** (IX A)


Best Debater (Juniors)
**Naveen P.S.** (VII B)

# ആധുനിക വിദ്യാഭ്യാസ പ്രവണതകൾ

ആനന്ദ് തോമസ്, XII D

'ആചാര്യൻ പാദമാതത്തെ
പാദം ശിഷ്യസ്വമേധയാ
പാദം സദ്ബ്രഹ്മചാരിഭ്യോ
പാദം കാലക്രമേണതു.'

നീതിസാരമനുസരിച്ച് വിദ്യയുടെ ആദ്യ കാൽഭാഗം ഗുരുവിൽ നിന്നും, രണ്ടാമത്തേത് സ്വന്തം പരിശ്രമത്തിൽ നിന്നും, മൂന്നാമത്തേത് സഹപാഠികളിൽ നിന്നും, അവസാനത്തെ കാൽഭാഗം കാലക്രമത്തിലും നേടേണ്ടതാണ്. ഇതിൽ ഗുരുവിൽ നിന്നു ലഭിക്കുന്ന വിദ്യയാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്നത്. ഉദാഹരണത്തിന് നാം ഒരു കെട്ടിടം പണിയുമ്പോൾ അതിന്റെ അടിത്തറമേലാണ് തുടർന്ന് ഇഷ്ടികകൾ വയ്ക്കുന്നത്. അടിത്തറയ്ക്ക് ബലക്കുറവുണ്ടായാൽ തുടർന്നു പണിയുന്ന സൗധം തകർന്നു വീഴാനുള്ള സാധ്യതയുണ്ട്. നാം ജീവിക്കുന്ന സമൂഹത്തിലെ ഓരോ വ്യക്തികളുടെയും ജീവിതമാകുന്ന സൗധത്തിന്റെ അടിത്തറ പണിയുന്ന സമയമാണ് വിദ്യാഭ്യാസ കാലഘട്ടം. ഇതിൽ അധ്യാപകർക്കോ വിദ്യാഭ്യാസ സമ്പ്രദായത്തിനോ പാളിച്ച സംഭവിച്ചാൽ അത് ബാധിക്കുന്നത് ഭാവിതലമുറയെയാണ്.


വിദ്യാഭ്യാസ പ്രശ്നങ്ങൾ പഠിക്കുവാനായി നിയോഗിക്കപ്പെട്ട കോത്താരി കമ്മീഷൻ പറഞ്ഞു 'സമൂഹത്തിന്റെ ഭാവി ക്ലാസ്മുറികളിൽ രൂപം കൊള്ളുന്നു.' ഇന്നത്തെ സമൂഹം അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ പ്രശ്നവും ഇതു തന്നെയാണ്. വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികസനത്തിന്റെ ഈറ്റില്ലങ്ങളാകേണ്ട ക്ലാസ്മുറികൾ ഇന്ന് സങ്കീർണ്ണമായ സിലബസ്സിന്റെയും അശാസ്ത്രീയമായ സമ്പ്രദായങ്ങളുടെയും രംഗങ്ങളാണ്. കൂട്ടിലടച്ച കിളിയെപ്പോലെ, പൊട്ടക്കിണറ്റിലെ തവളയെപ്പോലെ സങ്കുചിത മനോഭാവം സൃഷ്ടിക്കാനേ ഇത് ഉപകരിക്കുകയുള്ളൂ.

അടിക്കടി മാറി വരുന്ന സർക്കാരുകൾ അവരവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതമായി വിദ്യാഭ്യാസമേഖലയെ പരിഷ്കരിക്കുമ്പോൾ, അവിടെ ആരുടെയും പരീക്ഷണത്തിന് വിധേയരാകേണ്ടി വരുന്ന വെറും ഗിനിപ്പന്നികളായി മാറുകയല്ലേ വിദ്യാർത്ഥിസമൂഹം. പരീക്ഷണത്തിനുപയോഗിക്കുന്ന വെറും ഗിനിപ്പന്നികളെയാണോ നാളെയുടെ ഭാരതത്തിന് ആവശ്യം?

സമൂലപരിവർത്തനമുമുണ്ടാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പണക്കൊതിയന്മാരായ കുറേ എഞ്ചിനീയർമാരെയും ആദർശശുദ്ധിയില്ലാത്ത കുറേ ഡോക്ടർമാരെയും ബുദ്ധിജീവികളെന്ന് സ്വയം അഭിമാനിക്കുന്ന കുറേ കമ്പ്യൂട്ടർ വിദഗ്ദ്ധരെയും സൃഷ്ടിക്കുന്നതാണ് വിദ്യാഭ്യാസം എന്നു കരുതിയാൽ അവിടെ തെറ്റി. മറിച്ച് കർമ്മബോധമുള്ള ആദർശശുദ്ധിയുള്ള കാലം മായ്ച്ചാലും മായാത്ത നന്മകളുള്ള, മനുഷ്യത്വമുള്ള സത്യസന്ധമായ ഒരു പൗരസമൂഹത്തെ വാർത്തെടുക്കുന്നതിലാണ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുടികൊള്ളുന്നത്.

വേദമന്ത്രധ്വനികളാൽ മുഖരിതമായ രാജ്യമാണ് ഭാരതം. ഒട്ടനവധി മഹാരഥന്മാർ ഇവിടെ ജന്മം കൊണ്ടു. രാജ്യത്തിനുവേണ്ടി ജീവൻ ഹോമിക്കാൻ വരെ അവർ തയ്യാറായി. എന്നാൽ ഇന്ന് സ്ഥിതി മാറി. കാലം മാറുന്നതിനനുസരിച്ച് കോലവും മാറണമല്ലോ. നമ്മുടെ രാജ്യത്തിനുവേണ്ടി ചെറുവിരലനക്കാൻ പോലും സന്നദ്ധരായി മുന്നോട്ടുവരാൻ ആളില്ല. സ്വാർത്ഥതയാണ് ഇന്ന് ലോകത്തെ ഭരിക്കുന്നത്. 'സ്വന്തം കാര്യം സിന്ദാബാദ്' എന്ന മുദ്രാവാക്യമാണ് ആധുനിക ലോകം ഏറ്റു ചൊല്ലുന്നത്. സംസ്കാരമെന്നതു തന്നെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്നു.

ദാരിദ്ര്യവും തൊഴിലില്ലായ്മയും പിന്നീടാത്മഹത്യയും വേട്ടനായ്ക്കളെപ്പോലെ പിന്തുടരുമ്പോൾ ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, തൊഴിലിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകേണ്ടിയിരിക്കുന്നു. ആധുനികവിദ്യാഭ്യാസം അറിവിനു മാത്രം പ്രാധാന്യം നൽകുന്നതിനാലാണ് ഇവിടെ ജീവിതമൂല്യങ്ങൾ മരിക്കുന്നത്. ആറ്റംശക്തി അറിവാണെങ്കിൽ ആറ്റംശക്തികൊണ്ട് അണുബോംബാണോ വൈദ്യുതിയാണോ ഉത്പാദിപ്പിക്കേണ്ടത് എന്നത് തിരിച്ചറിവാണ്. അറിവിനൊപ്പം തിരിച്ചറിവും കൂടി പകർന്നു നൽകിയാൽ മാത്രമേ ശാസ്ത്രം പൂർണ്ണത കൈവരിക്കുകയുള്ളൂ.



മൂല്യങ്ങളേയും ആദർശങ്ങളേയും കാറ്റിൽ പറത്തി, സമൂഹത്തിന്റെ ഗതി അധോഗതിയാക്കുമ്പോൾ അവനവന്റെ കർമ്മരംഗങ്ങളിൽ സത്യസന്ധതയോടും ആത്മാർത്ഥതയോടും വ്യാപരിക്കുവാൻ ആധുനികവിദ്യാഭ്യാസം ജീവിതമൂല്യങ്ങൾക്ക് ഊന്നൽ നൽകണം.

മാറി മാറി വരുന്ന ജീവിതസാഹചര്യങ്ങളോടും നൂതന സമൂഹിക പ്രവണതകളോടും പൊരുത്തപ്പെടാനാകാതെ ആധുനിക മനുഷ്യൻ നന്നേ പാടുപെടുമ്പോൾ സ്വന്തം ജീവിതം കരുപ്പിടിപ്പിക്കുവാനുള്ള ഉദ്യമത്തിൽ എല്ലാം മറന്ന് എന്തും ചെയ്ത് അവനവന്റെ കുംഭ വീർപ്പിക്കുന്ന മനുഷ്യരുടെ ശൃംഖല അനുദിനം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, ഉപഭോഗസംസ്കാരത്തിന്റെ പുറംപൂച്ചിൽ മയങ്ങി, മൂല്യങ്ങളേയും ആദർശങ്ങളേയും കാറ്റിൽ പറത്തി, സമൂഹത്തിന്റെ ഗതി അധോഗതിയാക്കുമ്പോൾ അവനവന്റെ കർമ്മരംഗങ്ങളിൽ സത്യസന്ധതയോടും ആത്മാർത്ഥതയോടും വ്യാപരിക്കുവാൻ ആധുനികവിദ്യാഭ്യാസം ജീവിതമൂല്യങ്ങൾക്ക് ഊന്നൽ നൽകണം. സംവരണത്തിന്റെയും സ്വാശ്രയത്തിന്റെയുമെല്ലാം പേരു പറഞ്ഞ് വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്നവർ ത്രിമൂല്യങ്ങളായ മാനവശേഷിയുടെയും മാനവികതയുടെയും ദൈവീകതയുടെയും മർമ്മം കുട്ടികളിലെത്തിക്കുവാൻ പരിശ്രമിക്കട്ടെ.

സമ്പ്രദായങ്ങളെ ആദരിക്കുന്ന, ആചാരങ്ങളെ ബഹുമാനിക്കുന്ന, സംസ്കാരമുള്ള മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു ഭാവി ഭാരതസമൂഹം ഉത്ഭവിക്കും എന്ന് നമുക്കാശിക്കാം.



വർഗ്ഗീസ് എം. സാമുവൽ, X B

# കുട്ടികളുടെ മാനസികവളർച്ചയിൽ കുടുംബാന്തരീക്ഷത്തിന്റെ പങ്ക്

സ്വന്തം ജീവിതത്തിന്റെ തനിമ കണ്ടെത്തുവാൻ വ്യഗ്രത ആരംഭിക്കുകയും അതിനു വിപരീതമായ അനുഭവങ്ങളോട് മല്ലിടുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ മാതാപിതാക്കൾക്ക് കുട്ടികളുടെ മാനസികവളർച്ചയിൽ പര്യാപ്തമായ കാര്യങ്ങൾ ചെയ്യാൻ കഴിയും.

മഹാനായ സോക്രട്ടീസ് ഇപ്രകാരം പ്രസ്താവിച്ചു, "അല്ലയോ പൗരന്മാരെ ഹാ! കഷ്ടം. നിങ്ങൾ കല്ലുപോലും തേച്ചുരുട്ടി കാശുണ്ടാക്കുന്നു. എന്നാൽ നിങ്ങളുടെ മക്കളുടെ കാര്യങ്ങളെ നിങ്ങൾ അവഗണിക്കുന്നു."

ശാരീരികവും മാനസികവുമായ വളർച്ചയുടെ ഈ ബാല കാലത്തിൽ ജീവശാസ്ത്രപരമായി ശരീരത്തിനുണ്ടാകുന്ന വളർച്ചയും, പുതിയ അനുഭവങ്ങളും മാനസികസംഘർഷങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമായി ത്തീരുന്നു. സ്വന്തം ജീവിതത്തിന്റെ തനിമ കണ്ടെത്തുവാൻ വ്യഗ്രത ആരംഭിക്കുകയും അതിനു വിപരീതമായ അനുഭവങ്ങളോട് മല്ലിടുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ മാതാപിതാക്കൾക്ക് കുട്ടികളുടെ മാനസികവളർച്ചയിൽ പര്യാപ്തമായ കാര്യങ്ങൾ ചെയ്യാൻ കഴിയും. കൂടുമ്പോൾ ഇമ്പമുള്ള ഒന്നാണ് കുടുംബം. ഒരു കുടുംബത്തിന്റെ നടുക്ക് നാം സ്നേഹം എന്ന ന്യൂക്ലിയസിനെ പ്രതിഷ്ഠിക്കുമ്പോൾ അതിനുചുറ്റും കറങ്ങി തിരിയുന്ന ഇലക്ട്രോൺസാണ് മാതാപിതാക്കളും, കുഞ്ഞുങ്ങളും. വളരെ തിരക്കുപിടിച്ചതും മനുഷ്യൻ കാലത്തേയും സമയത്തേയും ദൂരത്തേയും അതിജീവിക്കുന്നതുമായ ഈ കാലഘട്ടത്തിൽ ഈ വിഷയത്തെപ്പറ്റി ചിന്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിഷയത്തെപ്പറ്റി ചില ആശയങ്ങൾ.

**1. ശിക്ഷണത്താൽ വളർത്തണം, ശരിയായ ഉപദേശം നൽകണം.**

അണു കുടുംബമാണ് ഇന്ന് നിലനിൽക്കുന്നത്. ഒന്നേയുള്ള എന്നു പറഞ്ഞു മാതാപിതാക്കൾ അവരുടെ ഇഷ്ടം ചെയ്തുകൊടുക്കുന്നു. അവരെ ശിക്ഷിക്കാതിരിക്കുകയും ചെയ്യുന്നു. ഇതിനെ ഒഴിവാക്കണം. ആഡംബരങ്ങളും സുഖസൗകര്യങ്ങളും ലഭ്യമാണെങ്കിലും സ്നേഹാന്തരീക്ഷം ആത്യാവശ്യമാണ്. മാതാപിതാക്കളുടെ സ്നേഹം കുട്ടികളുടെ പ്രാണവായുവായി വർത്തിക്കണം. പിതാക്കന്മാരെ നിങ്ങളുടെ മക്കളെ കർത്താവിന്റെ ബാലശിക്ഷയിലും ഉപദേശത്തിലും പോറ്റി വളർത്തുവിൻ എന്ന് വിശുദ്ധ വേദപുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നു.

**2. സ്വഭാവരൂപീകരണം –** മനഃശാസ്ത്രപരമായി മനസ്സിലാക്കുകയാണെങ്കിൽ ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണം അവൻ യൗവ്വനത്തിൽ എത്തുന്നതിനു മുമ്പ് തന്നെ പൂർത്തീകരണത്തിലേക്ക് എത്തുന്നു. കുട്ടികളോട് ആദരവോടെ പെരുമാറിയെങ്കിൽ മാത്രമേ അവർ അപ്രകാരം പെരുമാറുകയുള്ളൂ. സ്വാർത്ഥതയുടെ വിവിധരൂപങ്ങളായ അശുദ്ധി, അധികാരം, പക, പിണക്കം തുടങ്ങിയവയുടെ ദോഷഫലങ്ങൾ ഉദാഹരണസഹിതം അഭ്യസിപ്പിക്കുവാൻ മാതാപിതാക്കൾ തയ്യാറാകണം. ആത്മസംയമനം ഇല്ലാത്ത മനുഷ്യൻ മതിലില്ലാത്ത പട്ടണം പോലെയാകുന്നു. നന്മമാത്രമുള്ള ഒരു ലോകത്തിലല്ല നാം ഇന്നു ജീവിക്കുന്നത്. തിന്മയും വേണ്ടുവോളം ഉണ്ട്. അതുകൊണ്ട് ചെറുപ്പകാലം മുതൽ തന്നെ കുട്ടികളുടെ സ്വഭാവത്തെ രൂപീകരിക്കുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്.

**3. സനാതനമൂല്യങ്ങൾ പഠിപ്പിക്കുന്നു**

ദീർഘക്ഷമ, ദയ, പരോപകാരം തുടങ്ങിയ മൂല്യങ്ങൾ നാം ശീലിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യണം. വിനയം, അനുസരണ, മാതാപിതാക്കന്മാരോടും ഗുരുക്കന്മാരോടുമുള്ള ദൈവഭക്തി എന്നിവ ഒരു വ്യക്തിക്ക് എത്ര മാത്രം സന്തോഷം നൽകും എന്നും മാതാപിതാക്കൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം. കുട്ടികളെ ചിട്ടയോടെ ജീവിക്കാൻ പ്രാപ്തരാക്കുക എന്നതും മാതാപിതാക്കളുടെ കടമയാണ്. ഇതിന് ആദ്യം ചെയ്യേണ്ടത് മാതാപിതാക്കൾക്ക് ചിട്ടയോടെ ജീവിക്കാൻ കഴിയണം എന്നതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ, ജീവിതത്തിൽ പ്രാവർത്തികമാക്കാൻ, ഞാൻ മാതാപിതാക്കളെ ആഹ്വാനം ചെയ്യുന്നു. വരുന്ന നല്ല ഒരു തലമുറയെ വാർത്തെടുക്കുക എന്നുള്ളത് അവരുടെ കടമയാണ്. അതിന് ഈശ്വരൻ എല്ലാവരേയും പ്രാപ്തരാക്കട്ടെ.

ബാലഗോപാൽ യു, IX A



# അവഗണിക്കപ്പെടുന്ന വാർദ്ധക്യം

ചുറുചുറുക്കുള്ള ചെറുപ്പക്കാർ വർഷങ്ങൾ കഴിഞ്ഞാൽ വൃദ്ധന്മാരാകും. വൃദ്ധരായാൽ പിന്നെ അവഗണനയുടെ കാലം തുടങ്ങുന്നു. ആരും ശ്രദ്ധിക്കാനില്ലാതെ വരുന്നു. എന്തിന് വളർത്തി വലുതാക്കിയ മക്കൾ തന്നെ മാതാപിതാക്കളെ ഉപേക്ഷിക്കുന്നു.

കൂണുപോലെ മുളച്ചു വരുന്ന വൃദ്ധസദനങ്ങൾ ഇതിന് ഉദാഹരണമാണ്. ഒരു കുട്ടി വളർന്നു വലുതാകുന്നു. അവൻ യുവാവാകുന്നു. പിന്നീട് അച്ഛനും അപ്പൂപ്പനും ആകുന്നു. ഇതെല്ലാം മനുഷ്യന്റെ വളർച്ചയിൽ നാം കാണുന്നതാണ്. പണ്ടത്തെ തറവാടുകളിൽ മുതിർന്നവർ പറയുന്നതനുസരിച്ച് കഴിഞ്ഞിരുന്ന കാലം കഴിഞ്ഞിരിക്കുന്നു. അണുകുടുംബങ്ങൾ വളരുന്നു. അച്ഛനും അമ്മയും രണ്ടുകുട്ടികളും ഇങ്ങനെ ചുരുങ്ങിയിരിക്കുന്നു കുടുംബം. അച്ഛനും അമ്മാവനും എല്ലാം ഒരുമിച്ച് കഴിഞ്ഞിരുന്ന കാലം കഴിഞ്ഞിരിക്കുന്നു.

അണുകുടുംബങ്ങൾ തന്നെയാണ് വാർദ്ധക്യത്തിൽ ആളുകൾ അനുഭവപ്പെടുന്ന അവഗണനയ്ക്കു കാരണം. ഇപ്പോൾ ഭാര്യയും ഭർത്താവും ജോലിക്കു പോകുന്നു. മക്കൾ പഠനത്തിനും അങ്ങനെ ഒരു കുടുംബത്തെ സംബന്ധിച്ച് കൂടെ മാതാപിതാക്കൾ ഉണ്ടെങ്കിൽ ഒരു ബാധ്യതയായി മാറും. ജോലിക്കു പോകുമ്പോൾ മാതാപിതാക്കളെ നോക്കാൻ അവർക്കു കഴിയില്ല.

പണ്ടായിരുന്നെങ്കിൽ ഭാര്യ വീട്ടുജോലിയും ചെയ്ത് നിൽക്കുമ്പോൾ അച്ഛനെയും അമ്മയേയും പരിചരിക്കാൻ കഴിയുമായിരുന്നു. ഇനി അഥവാ മകൻ നോക്കിയില്ലെങ്കിൽ മറ്റൊരുവൻ അവരുടെ കാര്യം നോക്കുമായിരുന്നു. ഇന്ന് ഒരു മകൻ മാത്രം ഉണ്ടെങ്കിൽ അവരെ മാത്രം ആശ്രയിക്കുന്ന മാതാപിതാക്കൾക്ക് മറ്റൊന്നും ചെയ്യാനില്ല.

ഇപ്പോൾ സ്വത്ത് കൈക്കലാക്കാൻ വേണ്ടി മക്കൾ അച്ഛനമ്മമാരെ നോക്കുന്നു. കാര്യം കഴിയുമ്പോൾ അവരെ ഉപേക്ഷിക്കുന്നു. എന്നാൽ മരണശേഷം മാത്രമേ സ്വത്ത് കൈമാറാൻ സാധിക്കുകയുള്ളുവെങ്കിൽ അവർ അച്ഛനമ്മമാരെ പൊന്നുപോലെ നോക്കിക്കൊള്ളും. ബുദ്ധിയുള്ളവർ ഇങ്ങനെ വേണം ചെയ്യാൻ!


ഒരാൾ വൃദ്ധനായി എന്ന് അയാൾക്ക് തോന്നിയാൽ പിന്നെ അയാൾ അലസനാകും. ഒന്നും ചെയ്യാൻ തോന്നില്ല. എന്തിനോടും മടുപ്പ് തോന്നും. പ്രായം കണക്കാക്കാതെ മനസ്സിൽ യുവത്വം കാത്തു സൂക്ഷിക്കുന്നവർ ആയിരിക്കണം വൃദ്ധർ വയസായില്ലേ എന്നു വിചാരിച്ച് ഒന്നും ചെയ്യാതിരിക്കരുത്. തന്റെ കൊച്ചുമകന്റെ കൂടെ നിന്ന് കാര്യങ്ങൾ പഠിച്ചും പഠിപ്പിച്ചും പുതിയ കാര്യങ്ങൾ മനസ്സിലാക്കണം. എന്റെ അപ്പൂപ്പൻ അതുപോലെയാണ്, എന്നെക്കാളും അധികം കമ്പ്യൂട്ടറിനെക്കുറിച്ചും സിനിമയെക്കുറിച്ചും അപ്പൂപ്പനറിയാം!

ജീവിതം ഒരു ആഘോഷമാണ് മനസ്സിലാക്കിയാൽ അല്ലെങ്കിൽ അങ്ങനെ ഒരു ചിന്ത മനസ്സിൽ ഉണ്ടായാൽ അവഗണനയോ മടുപ്പോ തോന്നില്ല. എല്ലാം ഒരു പുതിയ അനുഭവമായി എടുക്കണം.

മക്കൾ മാതാപിതാക്കളെ സന്തോഷമായി നിർത്താൻ ശ്രമിക്കണം. അവരാണു തന്നെ വളർത്തി ഈ നിലയിലാക്കിത് എന്ന് മക്കൾ മനസ്സിലാക്കാണം. അവരോട് ബഹുമാനത്തോടും സ്നേഹത്തോടും കൂടി പെരുമാറാൻ ശ്രമിക്കണം.

വൃദ്ധജനങ്ങളുടെ കാര്യങ്ങൾക്ക് സഹായവുമായി പല സംഘടനകളും മുന്നോട്ട് വരുന്നുണ്ട്. എന്തു തന്നെയാലും അണുകുടുംബങ്ങൾ ഉള്ളിടത്തോളം കാലം വൃദ്ധജനങ്ങളെ നോക്കാൻ ആരും കാണില്ല. ഈ പ്രശ്നം മനസ്സിലാക്കി പല ആളുകളും ഭാവിയിൽ സ്വന്തം കാലിൽ നിൽക്കാൻ വേണ്ടി പണം കരുതി വയ്ക്കുന്നുണ്ട്. മരണം വരെ മക്കളെ ആശ്രയിക്കാതെ കഴിയാനുള്ള പണം അവർ കരുതി വയ്ക്കുന്നുണ്ട്.

എന്തു തന്നെയായാലും വാർദ്ധക്യത്തിൽ അവഗണന തോന്നാതിരിക്കാൻ മക്കൾ തന്നെ മാതാപിതാക്കളെ നോക്കണം. വൃദ്ധസദനങ്ങൾ അല്ല സ്നേഹമാണ് ഇതിന് ഉത്തരം. ഇപ്പോൾ യുവാക്കളായി ഇരിക്കുന്നവർ എല്ലാം ഓർത്തുകൊള്ളുക.... പച്ചില പഴുത്തതാകും. അത് കരിഞ്ഞ് ഉണങ്ങി വീഴുകയും ചെയ്യും. വാർദ്ധക്യം ഒരിക്കലും അകലെയല്ല.



# എന്റെ സമൂഹത്തോട് എനിക്കുള്ള കടപ്പാട്

**അച്യുത് മോഹൻ പി, X B**

ഒരു വ്യക്തിയുടെ സ്വഭാവഗുണം എന്ന ശിൽപത്തെ കൊത്തിയെടുക്കുന്നത് അവന്റെ ചുറ്റുവട്ടമുള്ള സമൂഹമാണ്. ലോകമെമ്പാടും ഒരു സമൂഹമായി കഴിഞ്ഞാലേ സ്നേഹവും ബന്ധങ്ങളും നമുക്ക് നിലനിർത്താൻ കഴിയുകയുള്ളൂ.

ലോകം എന്നും ചായങ്ങൾ മാറുന്ന ചുമർ ചിത്രങ്ങൾ പോലെയാണ്. സമൂഹം ലോകത്തിന്റെ ഹൃദയത്തിനോളം പ്രാധാന്യമുള്ള ഒരു ഘടകവുമാണ്. അതുകൊണ്ട് നമ്മൾ എന്നും ദേശത്തിനുവേണ്ടി നന്മ നിറഞ്ഞ പ്രവർത്തികൾ ചെയ്താലേ നമ്മുടെ വരും തലമുറകൾക്ക് ഒരു ഉദാഹരണമാവുകയുള്ളൂ. ആനിബസന്റ്, ഈശ്വരചന്ദ്രവിദ്യാസാഗർ, ചന്ദ്രശേഖർ, ആസാദ്, ഭഗത്സിങ് എന്നിങ്ങനെ നിരവധി ദേശീയ സമരസേനാനികൾക്ക് ഒരു നല്ല സമൂഹത്തിന്റെ തറക്കല്ലിട്ടു.

എന്റെ സമൂഹമാണ് എന്റെ വ്യക്തിത്വം പ്രകടിപ്പിക്കുന്നത്. ഞാൻ മാത്രമല്ല ഇന്നത്തെ തലമുറ മുഴുവൻ ഒരു കണ്ണാടിയാണ്, അവ അവരുടെ സമൂഹത്തെ പ്രകടിതമാക്കുന്നു. കൈയിൽ കൂട്ടാൻ തക്ക രാഷ്ട്രീയക്കാരേ ഉള്ളെങ്കിലും ഈ കൊച്ചു കേരളത്തിൽ ഇന്നും ജ്വലിക്കുന്ന ചിന്തകളും തിളയ്ക്കുന്ന ചോരയുമുള്ള രാഷ്ട്രീയ നേതാക്കളെ ഞാൻ കാണുന്നു. എന്റെ ഈ ചെറുപ്രായത്തിൽ കളിമണ്ണുപോലെ മാറ്റി മറിയ്ക്കാൻ പറ്റുന്ന എന്റെ ഹൃദയത്തിൽ ഒരു കൊച്ചു അഗ്നി ജ്വാല ഉണ്ടാക്കാൻ കഴിഞ്ഞ ഈ രാഷ്ട്രീയ നേതാക്കളോടും എനിക്ക് അപ്രകടിതമായ കടപ്പാടുണ്ട്.

മാതാ, പിതാ, ഗുരു, ദൈവം ഏറ്റവും വലിയ പ്രചോദനം. ഈ അഭിപ്രായം ആജീവനാന്തം അങ്ങനെ തന്നെയായിരിക്കും. പക്ഷെ, എന്റെ മനസ്സിനെ കൂടുതൽ ആഴത്തിൽ സ്പർശിച്ചത് എന്റെ ഗുരുക്കന്മാരാണ്. ജീവിതത്തെ എങ്ങനെ നേരിടണം എന്ന പാഠങ്ങൾ പഠിപ്പിച്ചത്. അവർ പറഞ്ഞു തരാറുള്ള ഓരോ വാക്കുകളും എന്നിലുള്ള എന്നെ വളർത്തിയെടുക്കാൻ സഹായിച്ചു. അവ ആജീവനാന്തം മരിക്കാത്ത ഓർമ്മകളും പ്രചോദനങ്ങളുമായി എന്നിലുണ്ടായിരിക്കും.



വിളക്ക് എണ്ണയുണ്ടെങ്കിലേ കത്താറുള്ളൂ. എന്റെ ജീവിതത്തിൽ വരാനിരിക്കുന്ന പ്രതിബന്ധങ്ങളേയും പ്രയാസങ്ങളേയും അതിജീവിപ്പിക്കാൻ എന്റെ ഗുരുക്കന്മാരുടെ വാക്കുകൾ എന്നും എന്നിൽ തുളുമ്പി നിൽക്കും.

എന്റെ അധ്യാപകരും മാതാപിതാക്കളും സമൂഹവളർച്ചയെക്കുറിച്ചു പറഞ്ഞു തരാറുണ്ട്. പക്ഷെ ഇതിന് മുൻകൈയെടുത്ത് ഇറങ്ങിയ ചുരുക്കം ചില വ്യക്തികളുടെ പ്രവൃത്തികൾ എന്നെന്നും മാനവമനസിനെ കീഴ്പ്പെടുത്തുന്നവയാണ്. എന്റെ സമൂഹമാണ് ഞാൻ എന്ന വ്യക്തിയെ വളർത്തിയത്. അതുകൊണ്ട് ഞാൻ അതിനോട് തീർച്ചയായും കടപ്പെട്ടിരിക്കണം.

ഞാൻ എടുക്കുന്ന ഓരോ തീരുമാനങ്ങളും സമൂഹവളർച്ചയെ ബാധിക്കുന്നവയായിരിക്കും. ഞാൻ ഏതു മേഖലയിൽ പ്രവർത്തിച്ചാലും അത് എന്റെ സമൂഹത്തിന്റെ വളർച്ചയ്ക്ക് ഗുണപ്രദം ആകുന്നവിധത്തിലായിരിക്കും. വരും തലമുറകൾക്ക് ഞാനെങ്ങനെ വളർന്നുവോ അതേ പോലെയുള്ള ഒരു അന്തരീക്ഷം ഉണ്ടാക്കിക്കൊടുക്കണം. എന്റെ സമൂഹം എനിക്ക് വൃത്തിയും, ശുചിത്വവുമുള്ള ഒരു രാജ്യം തന്നു. അതിനേക്കാൾ നല്ല ഗുണങ്ങളുള്ള മനോഹരമായ ഒരു രാജ്യത്തെ ഞാൻ തിരിച്ചുനൽകുവാൻ ആഗ്രഹിക്കുന്നു.

വേലുത്തമ്പി ദളവയും, കായംകുളം കൊച്ചുണ്ണിയും പഴശ്ശിരാജയും ചേർന്ന് നമുക്ക് ഒരു നല്ല കേരളത്തെ തന്നു. അത്രയുമൊന്നും എന്നെക്കൊണ്ട് ചെയ്യാൻ സാധിച്ചില്ലെങ്കിലും എന്നാലാവുന്നത് ദൈവത്തിന്റെ സ്വന്തം നാടിനും, ഭാരതത്തിനു മുഴുവൻ വേണ്ടി ഞാൻ ചെയ്യും.

# കുടജാദ്രിയിലേക്കൊരു യാത്ര?

**ഷൈറോൺ പുഷ്പൻ, XI D**

കർണ്ണാടക സംസ്ഥാനത്തിലെ പവിത്രപുരാണമായ ക്ഷേത്രം. മൂകാംബിക ക്ഷേത്രം. കുടച്ചാർത്തി എന്നറിയപ്പെടുന്നിടത്ത് സ്ഥിതി ചെയ്യുന്നു. ഭദ്രാ, ദുർഗ്ഗാ എന്നീ അവതാരങ്ങളുടെ കൂടിച്ചേരലുകളുടെ ശക്തി, അതാണ് ഇവിടത്തെ പ്രതിഷ്ഠ.

കടച്ചാർത്തിയിലെ യാത്ര, ഒരിക്കലും മറക്കാൻ കഴിയാത്ത യാത്ര, കൊല്ലൂർ തോട്ട് മൂകാംബിക വരെ കാൽനട, അതും കൊടുംകാട്ടിലൂടെ. രാജവെമ്പാലകളുടെ വാസസ്ഥലം, എന്നാൽ എത്രയോ പേർ നടന്ന പാതയാണ് എന്ന തോന്നലും കൊണ്ട് മൂകാംബികയെ മനസ്സിൽ വിചാരിച്ചു നടന്നു പോകുന്നവഴിയിൽ ചീവീടുകളുടെയും, കിളികളുടെയും ശബ്ദം മാത്രം.



വഴിയരികിൽ ഞാനൊരു വിശ്രമസ്ഥലം കണ്ട് അവിടെ ഇരുന്നു. പ്രകൃതിയുടെ ആ മനോഹാരിത, കാലത്തിന്റെ മാറ്റത്തെ ഒരു ചുവട് അറിയിക്കുന്നതുമില്ല. ലോകത്തിന്റെ അങ്ങേയറ്റം എത്തി എന്ന തോന്നൽ. കുറച്ച് വിശ്രമിച്ച് ഞാൻ നടന്നുതുടങ്ങി. അൽപദൂരം നടന്നപ്പോൾ ശങ്കരാചാര്യർ സ്വാമികൾ തപസ്സ് ചെയ്തിരുന്ന സ്ഥലം കാണാൻ കഴിഞ്ഞു. ശിവൻ അല്ലാതെ ആരുമില്ലാ എന്നു പറഞ്ഞു. തന്റെ തപസ്സ് ഒരു ദേവീക്ഷേത്രത്തിനടുത്താണെന്നതിൽ അത്ഭുതമില്ലേ?ഏകദേശം അതിന്റെ അടുത്തായിട്ടു തന്നെ, ശിവന്റെ ഒരു വിഗ്രഹം, അത് സ്വയംഭൂ എന്ന് അറിയപ്പെടുന്നു.

പ്രകൃതിയുടെ മനോഹാരിതയും വഴിയരികിലെ കാഴ്ചകളും കണ്ട് അവസാനം മൂകാംബിക ക്ഷേത്രത്തിൽ എത്തി. ഞങ്ങൾ അവിടെ ഒരു ദിവസം തങ്ങി. ദേവിയുടെ ചൈതന്യവും, ക്ഷേത്രത്തിന്റെ പുരോഗതിയും, പണികഴിപ്പിക്കലും അതിമനോഹരം, അവിടത്തെ അന്തരീക്ഷം ഒരു മനുഷ്യന് തിരിച്ചുള്ള യാത്ര ഒരിക്കലും ചിന്തിക്കാൻ കഴിയുന്നതല്ല. രഥോത്സവം, നവരാത്രി, മഹോത്സവം എന്നിവ പ്രധാന ഉത്സവങ്ങളാണ്. ഈ ദിവസങ്ങളിൽ ഇവിടത്തെ അഭൂതപൂർവ്വമായ തിരക്ക് ഏതൊരു മനുഷ്യനും ചിന്തിക്കാൻ കഴിയുന്നതിൽ അപ്പുറമാണ്.

യാത്രകളിൽ എന്റെ ജീവിതത്തിൽ കൂടുതൽ അറിവും, വിനോദവും, മനസ്സിന് ഒരു ഏകാഗ്രതയും കൊടുത്ത യാത്രയാണ്.



# കിളികൾ പറഞ്ഞത്

**ഹരി നായർ, VII C**

അല്ലയോ കുഞ്ഞിക്കിളി
നീ ഈറൻ മനോരാജ്യങ്ങളും
കാറ്റത്തുണക്കാനിട്ട് എങ്ങ് പോവുകയാണ്
കുറ്റിക്കാടുകളോട് കുശലം പറയുകയാണോ
അതോ നിന്റെ കുഞ്ഞിനെ-
യൂട്ടാൻ പോവുകയാണോ.

കൈയെത്തുന്ന ദൂരത്തിലൂടെ
നീ ആകാശത്തിൽ കൂത്താടിയെങ്കിലും
നിന്നെയെനിക്കു ഒരു നോക്കു
കാണാൻ കഴിഞ്ഞില്ലല്ലോ.
കുഗ്രാമങ്ങളുടെ മുകളിലൂടെ
നീ പറന്നപ്പോൾ
ഞാനൊരു പക്ഷിയായി കാലം
കഴിക്കാൻ എന്റെ മനസ്സ് ആഗ്രഹിച്ചു.

ദൂരങ്ങൾ പറന്ന് ക്ഷീണിതയായാവാം
നീ ആ മരക്കൊമ്പിൽ ഇരുന്നത്
എന്റെ മനക്കാമ്പിൽ ഞാൻ സൂക്ഷിച്ച
ആ കഥ കേൾക്കാനാവാം
അവൾ നിന്നത്.

ഞാൻ സമുദ്രനിരപ്പുകളുടെ മുകളിലൂടെ പറന്നു
ജലധാരയുടെ മുകളിൽ നീന്തിക്കളിക്കുന്ന
ആ മത്സ്യക്കുഞ്ഞുങ്ങളെ കൊത്തിയെടുത്തു
എന്റെ കുഞ്ഞുങ്ങളെയൂട്ടാൻ

അവന്റെ കഥകേൾക്കാൻ
അവൾ അവിടെത്തന്നെ നിന്നു
പുൽവരമ്പുകളിലൂടെ ഞാൻ
ഉയർന്നു പറന്നു.

അവൾ ഇരുന്ന മരക്കൊമ്പ്
കാറ്റിൽ ആടുകയായിരുന്നു
കഥയുടെ ശക്തി കാരണമാകാം
നീ പറക്കാത്തത്.

ദൂരങ്ങൾ താണ്ടിയുള്ള എന്റെ
യാത്രയിൽ  അവിടെ ഞാൻ ഇരുന്നു
എന്നാൽ കാണാനായത് പച്ചിലകൾ
നിറഞ്ഞ് കാറ്റത്ത് പറന്ന് നടന്ന
ചെറു തൈമാവായിരുന്നു.
ദൂരങ്ങൾ താണ്ടിയുള്ള യാത്രക്കൊരന്ത്യം.

എങ്കിലും ഞാൻ കരുതി
അവൾ എവിടെയോ എന്റെ കഥ
കേൾക്കാൻ കാതോർത്തിരിപ്പുണ്ട്
അവളുടെ മുഖം എന്റെ മനച്ചെപ്പിൽ
നിന്ന് മാഞ്ഞതേയില്ല

*(സഹോദയ സൗത്ത് സോൺ മത്സരത്തിൽ
ഒന്നാം സ്ഥാനം നേടിയ കവിത)*



# ഈയലുകൾ

**അർജുൻ ഷാജി, IX C**

ഒരു മഴയുള്ള സന്ധ്യയിൽ, ഓർക്കാപ്പുറത്ത്
ഒരു പറ്റം ഈയലുകൾ മൂളി വന്നു!
ചിറകിട്ടടിച്ചും കൂട്ടമായ് ചേർന്നും
വഴിവിളക്കിനു ചുറ്റും അവർ പറന്നു.
റാന്തലും ട്യൂബും ബൾബുമെല്ലാം
അവ പൊതിയുന്നത് ഞാൻ നോക്കി നിന്നു
അറിയാതെയപ്പോൾ പറഞ്ഞുപോയി
എത്രനേരം ഇനിയെത്രനേരം?
പറയുന്നതിൻമുമ്പ് കാണുന്നു ഞാൻ
അവയുടെ ലോകം തകരുന്നതും
ചിറകു കരിഞ്ഞും പൊഴിഞ്ഞും
അവ പുഴുക്കളായ് നിലത്തിഴയുന്നതും
ജീവനായ് നെട്ടോട്ടമോടുന്നു
അറിയാതെ ശത്രുവിനിരയാകുന്നു
കാണുന്നു ഞാനിന്നവയുടെ ദൈന്യത
കേൾക്കുന്നു അവരുടെ നിശബ്ദരോദനങ്ങൾ
ചിന്തിച്ചു ഞാനപ്പോൾ ഒന്നു മാത്രം!
ഈ വലിയ ലോകത്തിലെ ഈയലുകൾ നാം
വെറും ഈയാംപാറ്റകൾ! അൽപായുസ്സുകൾ!

# ബാല്യസ്മരണ


**അഖിൽ ജെ.എസ്, XI B**

ഇന്നും ഞാൻ തേടുന്നു എന്നെഞാനാക്കിയൊ-
രെൻ ബാല്യകാലത്തിൻ ഗുരുനാഥയെ
ആദ്യക്ഷരത്തിൻ തേനും മധുരവും
എൻ നാവിലേറിയ ദേവതയെ

അമ്മതൻ വാത്സല്യം ചൊരിയും കൈകളാൽ
അമ്മയെപ്പോലെ നീ എന്നെ നോക്കി
നന്മനിറഞ്ഞ മനസ്സുമായെന്നും
കൈപിടിച്ചുയർത്തി നീ മെല്ലെ മെല്ലെ

എൻ വീഴ്ചകളിൽ നീ സാന്ത്വനമായി
ആ സാന്ത്വനം എന്നിൽ പ്രചോദനമായ്
നിൻ വിരൽ തുമ്പിൽ പിടിച്ചു വളർന്നു ഞാൻ
നിൻമുഖം കാണുവാൻ വെമ്പിടുന്നു.

ഓർക്കുന്നു ഞാൻ നിൻ സ്നേഹം മനസ്സിൽ
കാണുന്നു ഞാൻ നിൻ മുഖം കൺകളിൽ
കേൾക്കുന്നു ഞാൻ നിൻ സ്വരം കാതുകളിൽ
നമിക്കുന്നു ഞാനെന്നും നിൻ പാതകളിൽ



# കൊഴിയുന്ന ഇലകൾ

ശ്യാമപ്രകാശ് എം.എസ്, XI D

**25** മേയ് 1997

അതിമനോഹരമായ ഒരു താഴ്‌വര. അവിടെ തളിർജലം ഒഴുകും നീരരുവി. കുങ്കുമം വാരിവിതറി സൂര്യൻ ചക്രവാളത്തിൻ മേൽ തലയുയർത്തി. ചെറു പൊട്ടുകളായി പറന്നകലും പറവകൾ. ഇളം പുൽനാമ്പുകളെ ചുംബിച്ച് എന്റെ പാദങ്ങൾ ഏതോ ലക്ഷ്യസ്ഥാനത്തേക്ക് എന്നെ കൊണ്ടുപോവുകയാണ്. കൂ .... കൂ ..... എല്ലാം മറന്ന്, തുറന്ന് പാടാൻ തോന്നുന്നു. കൂ..... കൂ..... കൂ..... ഞാൻ കണ്ണുതുറന്നു ജനാലയിലൂടെ നോക്കി, കുയിലമ്മ അക്ഷമയായി കാത്തിരിക്കുന്നു. ഒരു സുന്ദരാനുഭൂതിയിൽ നിന്ന് എന്നെ വിളിച്ചുണർത്തിയതിൽ എനിക്ക് അമർഷം തോന്നിയെങ്കിലും, അത് പുറത്ത് കാണിക്കാതെ ഒരു പുഞ്ചിരി പാസ്സാക്കി. അവൾ കാത്തിരുന്നത് എന്തിനോ അത് കൊടുത്തു ഞാൻ– കൂ... കൂ... കൂ...

കഴിഞ്ഞ കുറേ വർഷങ്ങളായി എന്നെ വിളിച്ചുണർത്തിയത് ഈ കുയിലല്ലേ.... അതിന്റെ അധികാരമാണ് അവൾ ഇങ്ങനെ കാണിക്കുന്നത്. ഞാൻ പുറത്തേക്കു നോക്കി, അതെ പഴയപോലെ തന്നെ, വാകമരത്തിന് ജീവന് ചോർച്ചയുണ്ടെന്നു തേന്നുന്നു. കുറച്ച് ദിവസങ്ങളായി ക്ഷീണിതനാണ്. താനും അങ്ങനെ തന്നെ. പതിനഞ്ചുവർഷമായി ഈ കട്ടിലിൽ തന്നെയല്ലേ. മുഷിപ്പും ക്ഷീണവും തോന്നാതിരിക്കുമോ?


ഞാൻ വീണ്ടും പുറത്തേക്ക് നോക്കി. ഞാൻ കണ്ടു നിൽക്കേ ഒരു ഇല കൊഴിഞ്ഞുവീണു. വാകമരത്തിൽ നിന്ന്. അതും എന്നെപ്പോലെ ആരെയോ കാത്തിരുന്ന് കഴിയുകയാണോ? എന്റെ ആയുസ്സിൽ നിന്ന് ഓരോ ഇല കൊഴിയുമ്പോഴും ഞാൻ ആ വിളിക്ക് കാതോർക്കും. അച്ഛാ...... പക്ഷെ ഇല്ല എന്റെ മുപ്പതാം പിറന്നാളിന് എനിക്ക് നഷ്ടപ്പെട്ട എന്റെ കുഞ്ഞിമോൾ. അന്ന് ആ പൂരം ആ നശിച്ച പൂരം കാരണം എന്റെ മോൾ പോയി. അന്ന് അവൾക്ക് പത്ത് വയസ്സ്. പാവം എന്തു പേടിച്ചു കാണും. അന്ന് തളർന്നതാണ് ഈ ശരീരം. പക്ഷെ മനസ്സിൽ ജീവൻ തുളുമ്പുകയായിരുന്നു. പക്ഷെ ഇപ്പോൾ, ഇപ്പോൾ അതും കൊഴിയുന്നു. എന്റെ ഓരോ പിറന്നാളിനും എന്റെ പിറന്നാൾ സമ്മാനമായി ഞാൻ ആ വിളി ആഗ്രഹിക്കുമായിരുന്നു. പക്ഷെ ഇന്നെനിക്കറിയാം മനസ്സും തളർന്നിരിക്കുന്നു. ഇനി പിടിച്ചു നിൽക്കാനുള്ള ശേഷിയില്ല. എങ്കിലും ഒരു പിറന്നാളും കൂടി ജീവിക്കണമെന്നുണ്ട്. ഈ ഹോമിലുള്ളവരെല്ലാവരും തന്നെ എന്നെ ആവുംവിധം സഹായിക്കുന്നുമുണ്ട്. ഇവരുടെ പരിശ്രമങ്ങളെ കാറ്റിൽ പറത്തി എനിക്കു പോകാൻ പറ്റില്ല. എന്റെ പിറന്നാളിന് ഇനി ഒരു മാസം കൂടി.

ഇവിടെ എന്റെ അടുത്ത സുഹൃത്താണ് ഈ മരം. ഇതിനെന്തു പറ്റി? എന്റെ അവസ്ഥ മനസ്സിലാക്കിയുള്ള വേദനയാണോ സുഹൃത്തേ? 'അതെ'. മരം മന്ത്രിക്കുകയാണ്. ''എന്റെ ഇലകൾ കൊഴിയുകയാണ്, എനിക്ക് സമയമില്ല, നിന്നെ പിരിയാൻ കഴിയുന്നില്ല. നിന്നെ കെട്ടിപ്പുണരണമെന്നുണ്ട്, പക്ഷെ ഞാൻ വെറും മരമല്ലെ. ഞാനും ഒരു മരം തന്നെ സുഹൃത്തേ, എനിക്കും അതടക്കാൻ കഴിയില്ല. നിനക്ക് ശിഖരങ്ങളനക്കാമെങ്കിൽ എനിക്ക് കരങ്ങളാണ്. എന്റെ ദിവസങ്ങളും എണ്ണപ്പെട്ടു കഴിഞ്ഞു. നീ ജീവിക്കും. ഇലകൾ വീണ്ടും മുളയ്ക്കും. ഇത് നിന്റെ ഒരു മയക്കം മാത്രമാണ്. ഞാൻ മയങ്ങാനൊരുങ്ങുന്നു. എന്നന്നേക്കുമായി.''

''കിടന്നോളൂ, രാത്രിയായി.'' പെട്ടെന്നാണ് ഞാൻ ചിന്തകളിൽ നിന്ന് ഉണർന്നത്. ഇവിടുത്തെ ഉദ്യോഗസ്ഥയാണ്.'' ഞാൻ കിടക്കുന്നു.


24 ജൂൺ 1993

ഇന്ന് എന്റെ പിറന്നാളായിരുന്നു. കഴിഞ്ഞ ഒരു മാസം ഞാൻ വളരെ ദു:ഖിതനും രോഗിയുമായിരുന്നു. ഒന്നും എഴുതാൻ തോന്നിയില്ല. എന്റെ പ്രതീക്ഷയും അസ്തമിച്ചു. ഇനി ഞാൻ എന്തിനുവേണ്ടി കാത്തിരിക്കണം? ആഗ്രഹമുണ്ട് ശക്തിയില്ല. മരണം വാതിൽപ്പടിയിൽ നിൽക്കുകയായിരുന്നു. ഇത്രയും കാലം, ഇനി അതിനു കടന്നു വരാം. ഇനി ഒരിക്കലും എന്റെ കൈ ഈ പേജുകളിലൂടെ കടന്നു പോകില്ല. എല്ലാം ശുഭം.



അന്ന് രാത്രി ഇലകൾ മുഴുവനും കൊഴിഞ്ഞ മരം ഒരു നിലവിളിയോടെ നിലംപതിച്ചു. അതും എന്നെന്നേക്കുമായുള്ള മയക്കത്തിലേക്ക് വീണു. പക്ഷെ ഭാഗ്യം അയാളുടെ കൂടെ നിന്നില്ല. അച്ഛാ.... എന്ന വിളി കേൾക്കാനുള്ള ഭാഗ്യം ആ ചെവികൾക്കുണ്ടായില്ല. ഒരു നിമിഷത്തേക്കെങ്കിലും അയാൾ ജീവൻ ഉണ്ടായിരുന്നെങ്കിൽ, അയാളുടെ മകളുടെ നെറുകയിൽ മുത്തിയിട്ട് അയാൾക്ക് യാത്രയാകാമായിരുന്നു. അതെ അയാളുടെ മകൾ തിരിച്ചു വന്നു. മൃതദേഹത്തിൽ തല വച്ച് പൊട്ടിക്കരഞ്ഞു. അവൾ ആ മൃതദേഹവും ആ വാകമരത്തിന്റെ ശിഖരങ്ങളും തിരിച്ചു കൊണ്ടുപോയി, ദഹിപ്പിക്കാൻ. ഇലകൾ കൊഴിഞ്ഞ രണ്ട് ആത്മാവുകൾ അവളെ പിന്തുടർന്നു.





**ഗോവിന്ദ് എസ്, X C**



# ഉത്തരം കിട്ടാത്ത ചോദ്യം

നാം എന്തിനുവേണ്ടിയാണ് ജീവിക്കുന്നത്? ഇതിനുള്ള ഉത്തരത്തിന് ആലോചിക്കുമ്പോൾ നമുക്കു പല തരത്തിലുള്ള ഉത്തരങ്ങൾ ലഭിച്ചേക്കാം. ചിലർ ജീവിക്കാൻ വേണ്ടി ജീവിക്കുന്നു, ചിലർ പണത്തിനു വേണ്ടി ജീവിക്കുന്നു. ചിലർ സന്തോഷിക്കാൻ വേണ്ടി ജീവിക്കുന്നു. ഇങ്ങനെ വിവിധ തരത്തിലുള്ള ഉത്തരങ്ങൾ നമുക്ക് ലഭിക്കും. പക്ഷെ ഇതേ ഉത്തരങ്ങൾ ഒന്നുകൂടി വീക്ഷിക്കുന്ന ഒരു വ്യക്തിയുടെ മനസ്സിൽ അത് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കും. ഇവയ്ക്ക് മറുചോദ്യങ്ങൾ ഉയരുമ്പോൾ അതിനുവേണ്ടിയുള്ള മറുപടിക്കായി നാം വലയും.

ഗാന്ധിജിയും ലിങ്കണും മദർ തെരേസയുമൊക്കെ പുതുക്കിപ്പണിഞ്ഞ ഒരു പൂങ്കാവനമാണ് നമ്മുടെ ലോകം. ഇവരൊക്കെ എന്തിനുവേണ്ടി ജീവിച്ചിരുന്നു? ഈ ചോദ്യം എന്നെ പലപ്പോഴും അലട്ടിയിട്ടുണ്ട്. എന്നാൽ പല തരത്തിലുള്ള ഉത്തരങ്ങളും ലഭിച്ചിട്ടുണ്ട്. അവയിൽ എനിക്ക് ഏറ്റവും ഉചിതമായി തോന്നിയ ഉത്തരം ഇതാണ് – ''മഹാന്മാർ ഏതു പ്രവൃത്തിയും ചെയ്യുന്നത് മാനസിക സംതൃപ്തിക്കു വേണ്ടിയാണ്. അവർ എന്തു ചെയ്യുന്നോ, അതിൽ അവർ സംതൃപ്തി കണ്ടെത്തുന്നു.''

ഏതൊരു സാധാരണ മനുഷ്യന്റെ ജീവിതവും സംഭവബഹുലമാണ്. അവർ ചെയ്യുന്ന പ്രവൃത്തിയിൽ അവർക്ക് സംതൃപ്തി കിട്ടുന്നുണ്ടാവാം. എന്നാൽ സംതൃപ്തി കിട്ടാത്തവർക്ക് ജീവിതം മടുക്കുന്നുണ്ടാവും. മറ്റു ചിലർ തോൽവികളിൽ നിന്ന് ഊർജ്ജം ആർജിക്കാൻ ശ്രമിക്കുന്നു. ജീവിതം ജീവിച്ചു തന്നെ തീർക്കണം. അതിലെ ഭാഗമാണ് ജയവും തോൽവിയും. അവ നമ്മെ തളർത്താൻ പാടില്ല.

ഗാന്ധിജി ലോകം കണ്ടതിൽവച്ച് ഏറ്റവും മഹാനായ വ്യക്തി. അദ്ദേഹത്തിന്റെ ജീവിതം ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി മാറ്റി വച്ചു. അദ്ദേഹം നയിച്ച ചില പ്രസ്ഥാനങ്ങൾ വിജയിച്ചില്ലെങ്കിലും അദ്ദേഹം ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചു. അങ്ങനെ തന്റെ ജീവിതത്തിൽ ഭാരതത്തിനെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചതിലൂടെ അദ്ദേഹം മാനസിക സംതൃപ്തി കണ്ടെത്തി.

മറ്റു മഹാന്മാരുടെ ജീവിതകഥ പരിശോധിച്ചാലും ഇത്തരം സംഭവങ്ങൾ നിരവധി ഉണ്ടാവും. അതിനാൽ ജീവിക്കുന്നതു മാനസിക സംതൃപ്തി കൈവരിക്കാൻ വേണ്ടിയാണെന്ന് പറയാമെന്ന് എനിക്ക് തോന്നുന്നു.



# വർണ്ണപ്പമ്പരം

**രജത് എസ്, V A**

ഹായ്, എനിക്കു കിട്ടീ ഒരു വർണ്ണപ്പമ്പരം
ഏഴു നിറങ്ങളിൽ ചാലിച്ച വർണ്ണപ്പമ്പരം
പിറന്നാൾസമ്മാനമായിട്ടച്ഛൻ
തന്നൊരു മഴവിൽപ്പമ്പരം.

ഓടി, ഞാൻ ചേട്ടനെ കൊതിപ്പിക്കാൻ
ഹയ്യോ, എവിടെ എന്റെ വർണ്ണപ്പമ്പരം?
എനിക്കുവേണ്ട ഈ വെള്ളപ്പമ്പരം
വേണമെനിക്കെന്റെ മഴവിൽപ്പമ്പരം.

ഉറക്കെക്കരഞ്ഞുകൊണ്ടോടി ഞാൻ
അതാ ചിരിക്കുന്നു അച്ഛനും ചേട്ടനും
അരുതരുത് അച്ഛൻ പറഞ്ഞു
മകനെ ഇതൊരു മാജിക് പമ്പരം
ഇതാണ് ന്യൂട്ടന്റെ വർണ്ണപ്പമ്പരം.

# എന്നെ കീഴടക്കി

**ഇമ്മാനുവൽ കുര്യാക്കോസ്, VI A**

മനുഷ്യനെത്തി എന്നുടെ മാറിൽ
നൃത്തം ചെയ്തീടുന്നു

ഇന്നലെവരെ മനുഷ്യരെന്നെ
ദേവനായിക്കരുതി,

തിളങ്ങിനിൽക്കും എന്നെ നോക്കി–
കൈകൂപ്പി വണങ്ങി

ഇന്നിതാ അവനെന്നുടെ മാറിൽ
നൃത്തം ചെയ്തീടുന്നു

ഇന്നവർ മനസ്സിലാക്കി–
ഞാൻ ഭൂമിയുടെ ഉപഗ്രഹം മാത്രമെന്ന്

നാളെ അവനെന്നുടെ മാറിൽ
മാളികയും പണിഞ്ഞേക്കാം.





# എന്റെ നാട് എങ്ങോട്ട്?

ക്രിസ്റ്റോ ജാക്സൺ, VA

കാലങ്ങളോരോന്നു പിന്നിട്ടു പോയപ്പോൾ
മാനുഷരെല്ലാരും മാറിപ്പോയി
കുന്നു കുളങ്ങൾ നികത്തീട്ടു മാനുഷർ
മാളികയോരോന്നുയർത്തീടുന്നു.
മാലിന്യക്കൂമ്പാരം കൂടീട്ടു നാട്ടിൽ
ജീവനുപോലും ഭീഷണിയായ്.
വൃക്ഷങ്ങൾ വെട്ടി നശിപ്പിച്ച ഭൂമിയിൽ
പുല്ലുകൾ പോലും മുളയ്ക്കാതെയായ്
പക്ഷികൾ പാടിപ്പറന്നീടിന
പുഞ്ചനെൽപ്പാടങ്ങളന്യമായി.
നാൽപ്പത്തിനാല് നദികൾ നമുക്കുണ്ട്
മാമലനാട്ടിന്നഭിമാനമായ്
എങ്കിലും കൂട്ടരെ ദാഹനീർ കിട്ടാതെ
കേഴുന്നു കേരള നാടിതിന്നും.
നാടിൻ പുരോഗതി നാൾക്കുനാളേറവെ
നാം തന്നെ തീർക്കുന്നു നമ്മുടെ നാശവും.
ഇങ്ങനെ പോകയാലെന്റെ നാടെത്രനാൾ
ജീവനോടുണ്ടാമെന്നാർക്കറിയാം.



# എനിക്കു പറ്റിയ അമളി



മാധവ് എ നായർ, IIIC

ഓണപ്പരീക്ഷയ്ക്കിടെ ഒരു ദിവസം വൈകുന്നേരം ഞാൻ മലയാളം വായിച്ച് ഒന്നു മയങ്ങിപ്പോയി. എന്തോ ശബ്ദം കേട്ട് ഉണർന്ന ഞാൻ ക്ലോക്കിൽ നോക്കിയപ്പോൾ സമയം ആറ് മണി. ഞാൻ വിചാരിച്ചു പരീക്ഷദിവസം രാവിലെ ആറ് മണിയായെന്ന്. എനിക്ക് കരച്ചിൽ വന്നു. പഠിക്കാൻ ഇനി സമയം വളരെക്കുറവാണ്. ഞാൻ കരയുന്നതുകണ്ട് അമ്മ എന്നോട് കാര്യം തിരക്കി. ഞാൻ കാര്യം പറഞ്ഞപ്പോൾ അമ്മ പൊട്ടിച്ചിരിച്ചു. എന്നിട്ട് എന്നോട് അതു വൈകിട്ട് ആറുമണിയാണെന്നു പറഞ്ഞു. എനിക്ക് വിശ്വാസമായില്ല. വീട്ടുമുറ്റത്തു വന്നു നോക്കിയപ്പോളാണ് എനിക്ക് ആശ്വാസമായത്. ഞാൻ നാണിച്ചു തലകുനിച്ചു.



# കണ്ണേ മടങ്ങുക

യദു എച്ച്.ജി, XI B

കണ്ണേമടങ്ങുക നീ കരളിന്റെ
ആഴമാർന്ന അകത്തളങ്ങളിലേക്ക്
കണ്ണേമടങ്ങുക വേദന ജനിപ്പിക്കും
കണ്ണീർ കലാപങ്ങൾ കാണേണ്ടങ്കിൽ

അന്നങ്ങകലെ ജപ്പാനിൽ
ഹിരോഷിമയും നാഗസാക്കിയും
ഇന്നിവിടെ മാറാടിലും കണ്ടു
നീ മനുജന്റെ ക്രൂരത....

നാടുംകൊടും കാടുമെന്ന ഭേദമന്യേ
നശിക്കുന്നുവീ കൊടുംക്രൂരതകളാൽ
ദു:ഖപ്രളയങ്ങൾ ഈ നാടിനെ
വിഴുങ്ങാനായി കാത്തിരിക്കുന്നു

കണ്ണേ നോക്കരുത് നീ,
രാഷ്ട്രീയകോമരങ്ങൾ
അരങ്ങ് വാഴും ഇന്നത്തെ
സമൂഹമധ്യത്തിലേക്ക്

കർമ്മസൂര്യൻ പോലും ഇമ,
ചിമ്മുന്നുവിന്നത്തെ നേർക്കാഴ്ചകൾ കണ്ട്
മനുഷ്യന്റെ ക്രൂരതയ്ക്ക് പാത്രമായി
നശിക്കുന്നുവെന്റെ അമ്മയാം പ്രകൃതിയും

അമ്മപെങ്ങന്മാരെ നശിപ്പിക്കും
കാട്ടാളന്മാരുടെ ലോകമിത്
നേർക്കാഴ്ചകൾ കാണാതിരിക്കാനായി
മടങ്ങൂ നീ ആഴമാർന്ന കരളിന്നകത്തളങ്ങളിലേക്ക്

കണ്ണേമടങ്ങുക നീ കരളിന്റെ
ആഴമാർന്ന അകത്തളങ്ങളിലേക്ക്
കണ്ണേമടങ്ങുക വേദന ജനിപ്പിക്കും
കണ്ണീർ കലാപങ്ങൾ കാണേണ്ടെങ്കിൽ.



# വഴികാട്ടി

**രജത്, VII B**

'അമ്മേ വിശക്കുന്നൂ' നമ്മളിൽ പലരും വീട്ടിലെത്തുമ്പോൾ പറയുന്ന നിത്യവാചകങ്ങളായിരിക്കും. കഴിക്കാൻ ചോറാണുള്ളതെങ്കിൽ നമ്മൾ കഴിക്കാതിരിക്കുകയോ മുഖം ചുളിക്കുകയോ ചെയ്യും. ദേഷ്യം വരുമ്പോൾ പ്ലേറ്റ് വലിച്ചെറിയാനും ചില വിരുതന്മാർ മടിക്കാറില്ല. പക്ഷെ നമ്മുടെ അച്ഛനമ്മമാർ കഷ്ടപ്പെട്ടുണ്ടാക്കുന്ന അരിയുടെയും മറ്റ് പലചരക്കുകളുടെയും യഥാർത്ഥമൂല്യം നമ്മളറിയുന്നില്ല. അവരുടെ ചോര നീരാക്കി ഉണ്ടാക്കുന്ന പണം നമ്മൾ താന്തോന്നിത്തരത്തിന് ഉപയോഗിക്കുന്നു. പാവപ്പെട്ടവരുടെ കഷ്ടപ്പാടുകൾ നമ്മളറിയുന്നില്ല. ഇത് എനിക്ക് മനസ്സിലാക്കിത്തന്ന ഒരനുഭവമാണ് ഞാനിവിടെ വിവരിക്കുന്നത്.

ഒരു വേനൽക്കാല അവധിക്ക് ഞാൻ എന്റെ മാതാപിതാക്കളോടും അച്ഛനമ്മയോടും അപ്പൂപ്പനോടും കൂടി ഗുരുവായൂർ സന്ദർശിക്കാൻ പോയി. അവിടെ വളരെ ഉയർന്ന നിലവാരമുള്ള ഒരു ഗസ്റ്റ്ഹൗസിലാണ് ഞങ്ങൾ താമസിച്ചത്. ഗുരുവായൂരപ്പനെ നല്ലപോലെ ദർശിക്കാനും അതോടൊപ്പം ഗുരുവായൂർ മുഴുവനും ചുറ്റിക്കറങ്ങാനും എനിക്കവസരമുണ്ടായി. അങ്ങനെ ആ യാത്രയിൽ ഞങ്ങൾ ഒരു ചായ കുടിക്കാൻ ഒരു ഹോട്ടലിൽ കയറുകയുണ്ടായി. ചായ കുടിച്ചു കഴിഞ്ഞപ്പോഴാണ് കപ്പെടുക്കാനും മേശവൃത്തിയാക്കാനുമായി ഒരു വൃദ്ധ അവിടേക്കു വന്നത്. നല്ല ഐശ്വര്യമുള്ള മുഖത്തോടുകൂടിയ ആ വൃദ്ധയ്ക്ക് ഈ പരിതാപാവസ്ഥ എങ്ങനെയുണ്ടായി എന്ന് ഞാൻ ആലോചിച്ചിരിക്കുമ്പോഴാണ് ആ സംഭവമുണ്ടായത്; ആളുകൾ കഴിച്ചിട്ട് ബാക്കി വച്ച ഒരു പ്ലേറ്റെടുത്തപ്പോഴാണ് അത് അറിയാതെ അവരുടെ കൈയിൽ നിന്നും വഴുതി താഴെ വീണത്. അതിലിരുന്ന കറികൾ നിർഭാഗ്യവശാൽ ഒരാളുടെ ഷൂസിലാണ് വീണത്. ദേഷ്യം വന്ന ആ മനുഷ്യൻ ആ വൃദ്ധയെപ്പിടിച്ച് ഒറ്റ തള്ളു വച്ചുകൊടുത്തു. അവർ നിലത്തേക്കു വന്നു വീണു. അപ്പോൾ അവിടെയെത്തിയ കടയുടമ അയാളെ ഷൂ കഴുകാൻ വേണ്ടി കുളിമുറിയിലേക്ക് നയിക്കുകയല്ലാതെ അവശയായ വൃദ്ധയെ ഒന്നു ശ്രദ്ധിച്ചതുപോലുമില്ല. ഇതെനിക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. പക്ഷേ അപ്പോഴേയ്ക്കും ഞാനും എന്റെ കുടുംബവും ചായ കുടിച്ചു കഴിഞ്ഞിരുന്നു. ഞങ്ങൾ ആ ഹോട്ടലിൽ നിന്നിറങ്ങി വീട്ടിലെത്തി.

പക്ഷെ അന്നു രാത്രി കിടന്നപ്പോൾ എനിക്ക് ഉറക്കം വന്നില്ല. പാവപ്പെട്ട മനുഷ്യർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ എന്റെ മനസ്സിനെ ആകെ അസ്വസ്ഥമാക്കി. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി അവർ പെടാപ്പാടുപെടുന്നു. മറ്റുള്ളവരുടെ കീഴിൽ എല്ലുമുറിയെ പണിയെടുക്കുന്നു. മറുവശത്ത് നമ്മളെപ്പോലുള്ള കുട്ടികൾ എല്ലാ സൗകര്യങ്ങളോടും കൂടി ജീവിക്കുന്നു. എന്നിട്ടും ഇല്ലാത്തത് വേണമെന്നും പറഞ്ഞ് നമ്മൾ ശാഠ്യം പിടിക്കുന്നു. ഏതായാലും അന്നുമുതൽ ഞാനെന്റെ അച്ഛനമ്മമാരെ പരമാവധി ബുദ്ധിമുട്ടിക്കാതിരിക്കാൻ ശ്രമിക്കാറുണ്ട്. പിറ്റേ ദിവസവും ക്ഷേത്രദർശനം കഴിഞ്ഞ് ഞങ്ങൾ ആ ഹോട്ടലിലെത്തി. കൗതുകത്തോടെ ഞാൻ കൗണ്ടറിലിരുന്ന ഒരാളോട് വൃദ്ധയെപ്പറ്റി തിരക്കി. അയാൾ എന്റെയടുത്തു പറഞ്ഞതെന്തെന്നാൽ ഇന്നലെയുണ്ടായ വീഴ്ചയ്ക്കുശേഷം അവരുടെ ബോധം നഷ്ടപ്പെട്ടിരുന്നു. ബോധം വന്നപ്പോൾ ആരോടും ഒന്നുംപറയാതെ അവർ അവിടെ നിന്നും പോയിരുന്നു. എന്നാലും എന്റെ തെറ്റുകൾ തിരുത്താൻ ദൈവം പറഞ്ഞുവിട്ട ഒരു ദൈവദൂതയായിട്ടാണ് ഞാനവരെ ഇപ്പോഴും കരുതുന്നത്.

---

# അമ്മയും കുഞ്ഞും



**അർജുൻ ശ്യാം, VIIIA**

മഴതൻ രജനിയിൽ
പെയ്തൊരാ മഴയിൽ
സ്വപ്നങ്ങൾ പൂത്തൊരാ ജനനി
പുണ്യകർമ്മങ്ങൾതൻ പിഴയിൽ
ചെമപ്പ് കീറി ജാതനായി

ഭൂപതി തിരുവായ-തനയൻ
ഏഴുലോകത്തിൻ നാഥനായി
മണ്ണിന്റെ മണമുള്ള പുത്രൻ
കുഞ്ഞിക്കൈക്കാല് വളർന്നോ
ഉണ്ണി തൻ നേത്രം തളർന്നോ
"അയ്യോ എന്റെ പൊൻമകൻ വീണോ
കുട്ടാ നീ മൃദുലമാം വീണ!"
കുഞ്ഞിനൊരാദ്യ ഉരുള
പിതൃക്കൾക്കുവേണ്ടിയുരുള
കണ്ണുനീർകണ്ണായ തുള്ളി
പുള്ളിപ്പുലിയുടെ പുള്ളി
അമ്പിളി നാട്ടിലെ മാമാ
സസസരിരി ഗ മാ മാ......
പൂർണ്ണചന്ദ്രന്റെ മുഖം
ശശി തൻ നിലാവിൻ മേനി
അമ്മയുടെ നീർ തൻ വറ്റി
കുഞ്ഞ് തൻ വൻകര പറ്റി
വൃദ്ധസദനത്തിലേ മുറിയിലും
ആ അമ്മ മകനെ ഓർത്തു
രാവുകൾ ഓടി പറന്നു
അമ്മ ദിനങ്ങൾ മറന്നു
തൻ അന്ത്യമെപ്പോളും ആകാം
ചന്ദനക്കൊള്ളി ഞാൻ തരാം.

# നിങ്ങൾ ജാതി ചോദിക്കുന്നുണ്ടോ?



**സിബി ആർഎസ്, XII B**

ഞാൻ എഴുതുന്ന ഈ ലേഖനം വായിക്കുന്നവരിൽ ഹിന്ദുവാര്, ക്രിസ്ത്യാനിയാര്, മുസ്ലീമാര് എന്ന് ഞാൻ ചോദിക്കുന്നില്ല. ജാതിഭേദങ്ങളില്ലാത്ത ഒരു പച്ച മനുഷ്യൻ ആയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുകയാണ് സുഹൃത്തുക്കളെ.....

ഇന്ന് നമ്മുടെ സമൂഹം ഒരുപാട് മാറിയിരിക്കുന്നു. ദിനംപ്രതി നമ്മുടെ നാട് വളർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ജാതിയുടെയും മതത്തിന്റെയും പേരിലുള്ള പഴകിയ നൂലാചാരങ്ങളിന്നും എല്ലായിടത്തും വ്യക്തമായി കാണാം. ജാതിമതഭേദങ്ങൾ മനുഷ്യനെ തമ്മിൽ അകറ്റാൻ തുടങ്ങിയിട്ട് കാലമേറെയായി. പല തരത്തിലുള്ള മനുഷ്യരെയും ഒരു ജാതിയുടെ കീഴിൽ തരം തിരിക്കപ്പെട്ട് കാണാം. എല്ലാ മതത്തിന്റെയും ലക്ഷ്യം സാമൂഹിക പുരോഗതിയും നന്മയുമാണ്. ഏത് മതഗ്രന്ഥമായാലും അതിപ്പോൾ ഖുറാനായാലും, ബൈബിളായാലും, ഗീതയായാലും എല്ലാത്തിലും ഒരുപോലത്തെ ചിന്തകളാണ് നൽകിയിരിക്കുന്നത്. പിന്നെ എന്തിനാണ് മനുഷ്യൻ പരസ്പരം വേർതിരിച്ചു കാണുന്നത്? എല്ലാ മനുഷ്യന്റെയും അല്ലെങ്കിൽ എല്ലാ ഇന്ത്യാക്കാരന്റെ ശരീരത്തിലും ഒരേ ചോര തന്നെയാണ് ഓടുന്നത്. അല്ലാതെ വേറെ ജാതി അതുകൊണ്ട് അതിന്റെ ചൂട് മാറില്ല. നമ്മൾ എന്നും കണ്ണാടിയിൽ നോക്കാറുണ്ട്, അല്ലേ? നമ്മളപ്പോൾ അതിൽ കാണുന്ന പോലത്തെ മുഖം തന്നെയാണ് എന്നും മനുഷ്യർ അങ്ങോട്ടും ഇങ്ങോട്ടും കണ്ടു കൊണ്ടിരിക്കുന്നത്.അല്ലാതെ വേറെ വ്യത്യാസമൊന്നുമില്ല. ഒരാൾക്കുള്ളതു പോലെ സാധാരണ കണ്ണും മൂക്കും ചുണ്ടുമൊക്കെ തന്നെയാണ് മറ്റുള്ളവർക്കുമുള്ളത്. അല്ലാതെ ഇന്ന ജാതിയിൽപ്പെട്ടതുകൊണ്ട് നാലു കാലും, ആറുകൈയും, പത്ത് തലയുമൊന്നുമില്ല. നമ്മുടെ സമൂഹത്തിൽ ഒട്ടനവധി മിശ്രവിവാഹങ്ങൾ നടക്കാറുണ്ട്. അവർക്കുള്ള കുട്ടികൾക്ക് എന്താണ് വ്യത്യാസം? അവരും മനുഷ്യരല്ലേ? അവരും ഈ സമൂഹത്തിൽ ജീവിക്കുന്നില്ലേ? ഇതൊന്നും ആരുമാലോചിക്കാതെ സ്വന്തം മതഗ്രന്ഥത്തിൽ പറയുന്ന വചനമൊക്കെ കാറ്റിൽപ്പറത്തി മനുഷ്യനിന്നും പരസ്പരം പലതിന്റെയും പേരിൽ കലഹിക്കുന്നു. നമുക്ക് ഒരു സുഹൃത്തിനെ കിട്ടുന്നത് ജാതിയോ മതമോ നോക്കീട്ടാണോ? ജാതിയാണ് നിങ്ങൾ ആദ്യം ചോദിക്കുന്നത് അല്ല. നമ്മളോട് കാണിക്കുന്ന സ്നേഹവും പരിചരണവും കണ്ടിട്ടാണ് നമ്മൾ അയാളെ സുഹൃത്തായി അംഗീകരിക്കുന്നത്. ഇതുപോലെ മനുഷ്യർ പരസ്പരം കണ്ടിരുന്നുവെങ്കിൽ നമ്മുടെ നാട് എന്നേ വളർച്ചയുടെ കൊടുമുടിയിലെത്തിയേനേ.... പക്ഷെ ഇന്നെവിടെ തിരിഞ്ഞാലും, ജാതിയുടെയും സമൂഹത്തിന്റെയും പേരിലുള്ള ലഹള കാണാം. ദൈവം സ്നേഹമാണ്. പക്ഷെ ആ സ്നേഹം മനുഷ്യർക്കാർക്കുമില്ല.

മനുഷ്യർക്കെന്നും പ്രശ്നങ്ങളാണ്. ജീവിതത്തിൽ പല പ്രതിസന്ധികൾ നേരിടേണ്ടതായി വരും. അപ്പോൾ നമ്മളെപ്പോഴും കൂടെ കാണുമെന്ന് വിശ്വസിക്കുന്ന ബന്ധുക്കളും, സുഹൃത്തുക്കളും കൂടെ കണ്ടില്ലെന്നു വരും. അപ്പോൾ ഒട്ടും പ്രതീക്ഷിക്കാത്തവരായിരിക്കും നമുക്ക് തണലാകുന്നത്. അപ്പോൾ ആലോചിക്കേണ്ട വലിയൊരു സത്യമെന്തെന്നാൽ, ജാതിയും മതവും ബന്ധവും കൊണ്ടൊന്നും ഒരു കാര്യവുമില്ല. സ്നേഹമാണ് മനുഷ്യന് എല്ലാത്തിനുമുപരി വേണ്ടത്. കുമാരനാശാൻ പറഞ്ഞിട്ടുണ്ട് “മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ” ഈ വാക്യം ഓരോ മനുഷ്യനും ആലോചിക്കേണ്ട സമയമായി.

**അനന്ദു എസ് നായർ, XI B**

# വിലയില്ലാ ജീവനുകൾ



മനുഷ്യന്റെ മുന്നിൽ മനുഷ്യനെ തന്നെ തരം തിരിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കാൻ വളരെ പ്രയാസമാണ്. സ്വന്തം രാജ്യത്തിനുവേണ്ടി പോരാടി മരിക്കുന്ന ജവാന്മാർക്ക് ഈ മഹാരാജ്യത്തിൽ എന്താണ് പ്രശസ്തി. അവൻ പ്രശസ്തനകുന്നത് മരിച്ചാൽ മാത്രം. ഇനി മരിച്ചുകഴിഞ്ഞാൽ അവന്റെ ബന്ധുമിത്രാദികൾക്ക് എന്തുഗുണമാണുള്ളത്. ഇതുപറയുവാൻ മുഖ്യ കാരണം ഇതാണ്.

2008 ഒളിംപിക്സ് മത്സരങ്ങൾ ലോകമൊട്ടാകെയുള്ള ജനങ്ങൾ കണ്ടു കാണും. ഭാരതത്തിൽ മെഡൽപ്രതീക്ഷ ഉറപ്പിച്ചുപോയവർ വളരെ ചുരുക്കമായിരുന്നു. എന്നിട്ടും ഭാരതത്തിനും വേണ്ടി ആദ്യത്തെ വ്യക്തിഗത സ്വർണ്ണമെഡൽ നേടിയ അഭിനവ് ബിന്ദ്രയേയും, വെങ്കലമെഡൽ നേടിയ വിജേന്ദർ കുമാറിനെയും, സുശീൽകുമാറിനെയും നമ്മൾ സ്വീകരിച്ചത് കോടികൾ വാഗ്ദാനം ചെയ്തുകൊണ്ടാണ്. അതേസമയം താജ് ആക്രമണത്തിൽ മരിച്ച ജവാന്മാർക്ക് വാഗ്ദാനം ചെയ്ത തുക വളരെ തുച്ഛമായിരുന്നു. സ്വന്തം ബന്ധുമിത്രാദികളെ ഉപേക്ഷിച്ച് രാജ്യത്തിന് വേണ്ടി ലാഭം കണ്ടെത്താൻ പോയവർക്ക് എന്ത് ലാഭമാണ് കിട്ടയത്. സ്വന്തം മകൻ മരിച്ച അമ്മയുടെ വിഷമത്തിനു മുമ്പിൽ എത്ര കോടികൾ കൊടുത്താലും മതിവരില്ല. എന്നാലും കായികമേഖലയിലുള്ള ശ്രദ്ധ ഇന്ത്യ ആഭ്യന്തരത്തിലും കാണിക്കേണ്ടതുണ്ട്. ഒന്നുകൂടെ പറയുകയാണെങ്കിൽ ഒളിംപിക്സ് താരങ്ങളും മറ്റു കായിക താരങ്ങൾക്കും രാജ്യത്തിന്റെ നേട്ടത്തിലുപരി സ്വന്തം നേട്ടമാണ് വലുത്. എന്നാൽ ഒരു ജവാന് എന്ത് നേട്ടമാണ് കിട്ടുന്നത്, നേട്ടം മുഴുവൻ രാജ്യത്തിന് മാത്രം.

രാജ്യത്തിന്റെ നേട്ടം വലുതായി കണ്ടുകൊണ്ട് സ്വന്തം നേട്ടം ത്യജിച്ചവർക്ക് നഷ്ടപ്പെട്ടുപോയ ജീവന് പകരം ഒന്നും തന്നെയില്ല. അതുകൊണ്ട് നമ്മൾ ഒന്നുചേർന്നു ജവാന്മാരെ സ്മരിക്കണം.

ജയ്ജവാൻ..........



# എന്റെ പുതിയ വിദ്യാലയം

**മനീഷ് എ.എസ്, XII B**

ജൂൺ 16. ഒരുപാട് വർഷത്തെ എന്റെ ഒരു സ്വപ്നം നിറവേറാൻ പോകുന്ന ദിവസമായിരുന്നു അത്. ലയോള സ്കൂളിലെ എന്റെ ആദ്യദിവസം. പുത്തൻ ബഹുവർണ്ണക്കുപ്പായമിട്ട് ഞാൻ ആദ്യമായി എന്റെ 'പുതിയ' വിദ്യാലയത്തിന്റെ പടികൾ ചവിട്ടി. ഒരു പുതിയ അന്തരീക്ഷം, പുതിയ ബന്ധങ്ങൾ, സുഹൃത്തുക്കൾ, യൂണിഫോമിൽ അല്ലാത്തതിനാൽ ജിജ്ഞാസയോടെ ഉറ്റു നോക്കുന്ന കൊച്ചുകുട്ടികൾ. ഒരൽപ്പം ഭയപ്പാടോടെ XIB എന്ന ക്ലാസിനു മുമ്പിൽ നിന്ന ഉയരം കുറഞ്ഞ ഒരു വിദ്യാർത്ഥിയോട് ഞാൻ ചോദിച്ചു – "ഇത് തന്നെയല്ലേ പ്ലസ് വൺ HSE ക്ലാസ്?" പ്ലസ് വൺ ക്ലാസ് അതു തന്നെ എന്ന് അറിയാമായിരുന്നിട്ടും ഞാനത് ചോദിച്ചത് അവർ ആ ക്ലാസിലാണോ എന്ന് അറിയുന്നതിനായിരുന്നു.

അസംബ്ലി. മരച്ചുവട്ടിൽ മറ്റു കുട്ടികളോടൊപ്പം കുട്ടുകളുടെ 'ഇംഗ്ലീഷി'ലുള്ള സംഭാഷണങ്ങൾ ഞാൻ ശ്രവിച്ചു. ലയോള സ്കൂളിലെ പച്ചപ്പും മനോഹാരിതയെയും വിശാലതയെയും ഞാനാദ്യമായി ശ്രദ്ധിച്ചത് അപ്പോഴായിരുന്നു. ആദ്യമേ ഞാൻ പറഞ്ഞുവല്ലോ ഒരുപാട് വർഷത്തെ എന്റെ സ്വപ്നമാണ് ആ ദിവസം നിറവേറാൻ പോകുന്നതെന്ന്. അത് സത്യമാണ്. മൂന്നാം ക്ലാസിലും അഞ്ചാം ക്ലാസിലും ലയോളയിൽ ഒരു അഡ്മിഷനുവേണ്ടി ഞാൻ ശ്രമിച്ചിരുന്നു. പക്ഷെ ദൈവം എന്നെ അതിനനുവദിച്ചില്ല. എന്നാൽ വിധിയും ഭാഗ്യവും എന്നെ ഈ ദേവാങ്കണത്തിലെ ഒരംഗമാക്കി മാറ്റി.

സ്വാതന്ത്ര്യം, പഠനരീതി, വിവിധ കായിക ഇനങ്ങളിൽ ചെലുത്തുന്ന പ്രാധാന്യം എന്നിവ ലയോളയെ മറ്റു വിദ്യാലയങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. മറ്റൊരു വിദ്യാലയത്തിൽ നിന്നും വന്നെത്തിയ എനിക്ക് ഇവയെല്ലാം വളരെയധികം പ്രകടമായി അനുഭവപ്പെട്ടു. ഇവിടുത്തെ അധ്യാപകർ ലയോളയുടെ മാറ്റു കൂട്ടുന്നതിൽ വളരെ വലിയ ഒരു പങ്ക് വഹിക്കുന്നു. ലയോളയിലെ ഇൻഡോർ സ്റ്റേഡിയം ഓരോ തവണ കാണുമ്പോഴും ഒരു പുതിയ അത്ഭുതമായി തോന്നുന്ന ഒരു മന്ദിരം. കുസൃതികൾ നിറഞ്ഞ എന്റെ ക്ലാസ് മുറി എന്റെ ജീവിതത്തിലൊരിക്കലും മറക്കാനാവുന്നതല്ല.

പ്ലസ്ടു ക്ലാസ് ഒരു മരത്തണലിന്റെതു പോലെ കുളിർമ്മയുള്ള അന്തരീക്ഷം. എന്നാൽ ഞങ്ങൾ എത്തിയതും ആ ക്ലാസും ശബ്ദമുഖരിതമായി. പ്ലസ്ടു ശരിക്കും ഒരു ആഘോഷം തന്നെയായിരുന്നു. 'എസ്കർഷൻ' – ജീവിതകാലം മുഴുവൻ ഓർമ്മിച്ചിരിക്കാൻ ഇതിലും നല്ല അനുഭവങ്ങൾ ഈ ജന്മം എനിക്ക് ഉണ്ടാകില്ല എന്നെനിക്കു തോന്നി. കാരണം എന്റെ സുഹൃത്തുക്കളോടൊപ്പം ഇത്രയധികം രസിച്ച നാളുകൾ എനിക്കുണ്ടായിട്ടില്ല.

കുറച്ചു മാസങ്ങൾ കൂടി കഴിയുമ്പോൾ ഈ വിദ്യാലയത്തിൽ നിന്നും ഞാൻ വിടവാങ്ങുകയാണ്. അജ്ഞാതമായ ഒരു വേദനയാണ് അവയെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് മനസ്സിൽ തോന്നുന്നത്. 'നൊസ്റ്റാൾജിയ' എന്തെന്ന് ഈ അവസരത്തിൽ ഞാൻ മനസ്സിലാക്കുന്നു. വളരെ കുറച്ചു നാളുകൾ മാത്രമേ ഈ സ്കൂളിൽ ഞാൻ ഉണ്ടായിരുന്നുള്ളൂവെങ്കിലും ഈ ജന്മം മുഴുവൻ ഓർമ്മിക്കാനുള്ളവ ഇവിടെ നിന്നും എനിക്ക് ലഭിച്ചു. സന്തോഷത്തിന്റെ പൊട്ടിച്ചിരികളുടെ, പ്രതീക്ഷകളുടെ ഈ ദേവാങ്കണത്തിൽ നിന്നും വിടവാങ്ങുന്നതിനു മുമ്പ് ഈ ലേഖനത്തിലൂടെ ഒന്നു മാത്രമേ എനിക്ക് പറയാനുള്ളു, "എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായത് ഈ വിദ്യാലയം തന്നെയാണ്. അതിന് ഈ സ്കൂളുമായി ബന്ധപ്പെട്ട ഏവരോടും ഞാൻ എന്റെ നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളുന്നു."

**സൽമാൻ അൻവർ, X B**

**1959**

അമ്പിളി അമ്മാവാ
താമരക്കുമ്പിളിലെന്തുണ്ട്?

**2009**

താമരക്കുമ്പിളിൽ
നിറയെ വെള്ളമുണ്ട്......



**സാവിയോ അലക്സ്, V C**




മഴവില്ലേ, മഴവില്ലേ,
ഏഴഴകുള്ള മഴവില്ലേ,
താഴെയീ മണ്ണിലാടും പൂക്കളെക്കാൾ
അഴകാണു നിനക്കാകാശത്ത്
സൂര്യനും മഴയും ഒന്നിക്കുമ്പോൾ
ജന്മം കൊള്ളുന്നതല്ലേ നീ,
കാണാനെന്തൊരു ഭംഗി നിന്നെ
ഏഴുവർണ്ണശലഭങ്ങൾ പോലെ
കണ്ണുകൾ ചിമ്മാതെ കാത്തിരിക്കുന്നു ഞാൻ
താഴേക്കു വരുമോ എൻ കളിത്തോഴനായ്,
മായല്ലേ, നീപോയ് മറയല്ലേ,
മഴവില്ലേ, ഏഴഴകുള്ള മഴവില്ലേ.




**കൃഷ്ണപ്രസാദ് എസ്.പി, IV A**

എങ്ങും എക്കാലത്തും മനുഷ്യന്റെ ജീവിതം സത്യസന്ധതിയിലൂടെയാണ് മുന്നോട്ടു നയിക്കുന്നത്. സത്യസന്ധത കാട്ടുന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. മനുഷ്യൻ എന്തു ചെയ്താലും അതു സത്യസന്ധതയിലൂടെയാവണം. പിശുക്കും പണത്തിനുള്ള ആർത്തിയും കുറയ്ക്കാൻ മനുഷ്യർ സത്യസന്ധത കാട്ടണം. ഇങ്ങനെ പല പല കാര്യങ്ങൾ ചെയ്ത് സത്യസന്ധമായി മുന്നോട്ടു നയിക്കണം.

ലോകജനതയ്ക്ക് സത്യസന്ധത പാലിക്കാൻ കഴിയണം. സത്യസന്ധത പാലിച്ച് കാര്യങ്ങൾ ചെയ്യുന്നയാൾ പ്രശസ്തരാകും. തീർച്ച.




**എബ്രഹാം ഐ. തോമസ്, VII A**

നാളുകൾ കഴിയും തോറും കേരളീയരായ നാം നമ്മുടെ വേരുകളെ മറക്കുകയാണ്. ദിവസം തോറും മലയാളം സംസാരിക്കാൻ അറിയാവുന്ന മലയാളികളുടെ എണ്ണം കുറയുകയാണ്. അതുകൊണ്ട് നമ്മൾ ഇനി മുതൽ മലയാളി എന്ന പേരിനു പകരം മംഗ്ലീഷുകാർ എന്ന് അറിയപ്പെടും. മലയാളം എനിക്ക് അറിയില്ല എന്നു പറയാൻ താൽപര്യപ്പെടുന്നവരാണ് മിക്ക മലയാളികളും.

നമ്മുടെ ഇപ്പോഴത്തെ കാവ്യങ്ങളും കഥകളും വായിച്ചാൽ മലയാള സാഹിത്യത്തിന്റെ നിലവാരത്തകർച്ച നമുക്ക് അറിയാം. മറ്റു ജോലികൾ കുറഞ്ഞവരാണ് ഇന്ന് ഈ മേഖലയിലേക്ക് വരുന്നത്. കാരണം ഈ മേഖലയിലുള്ള ആൾക്ക് ഒരു തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. ഇപ്പോൾ മലയാളം മാത്രമല്ല മലയാളിയുടെ സംസ്കാരവും തകരുകയാണ്. മലയാളികളായ നമ്മളിൽ ചിലർക്ക് മലയാളത്തിന് 10 ൽ താഴെ ആണ് മാർക്ക്. മലയാളത്തെ നാം അവഗണിക്കുന്നു എന്ന് ഇത് കാണിക്കുന്നു.

ഇങ്ങനെ കുറേ നാളു കൂടി കഴിഞ്ഞാൽ മലയാളം നേരെ സംസാരിക്കുവാനറിയാവുന്ന ആളുകൾ ഇല്ലാതാവും. അതൊഴിവാക്കാൻ നാം ആഞ്ഞുശ്രമിച്ചാൽ പറ്റും. അല്ലെങ്കിൽ മലയാളം ലാറ്റിനെപ്പോലെ ഒരു മരണം സംഭവിച്ച ഭാഷയായി മാറും.

# സംഗീതം ഒരു സല്ലാപം

**ആദിത്യനാരായണൻ, VII B**

എന്താണീ സംഗീതം? സംഗീതം എന്നത് വിശാലവും കേൾക്കുവാൻ സുഖവുമായ ഒരു കലയാണ്. ഈ ഭൂമിയിൽ സംഗീതം രസിക്കാത്തവർ വളരെ വിരളമാണ്. സംഗീതത്തിന്റെ പല നേട്ടങ്ങൾ ലഭിക്കാൻ സഹായിച്ച പല വിദ്വാന്മാർ ഈ ഭൂമിയിലുണ്ട്. ഇവരിൽ പ്രധാനമായും സംഗീതത്തിന് നേട്ടം വരുത്താൻ ശ്രമിച്ചവരിൽ ത്യാഗരാജർ, സ്വാതിതിരുനാൾ, മുത്തുസ്വാമി ദീക്ഷിതർ എന്നിവരാണ്. സംഗീതത്തിന് സുഖമാധുര്യം നൽകാൻ പലതരം രാഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ചില പ്രധാന രാഗങ്ങൾ ശങ്കരാഭരണം, കല്യാണി, ഹംസധ്വനി, മായാമാളവ ഗൗള, കാപി, മോഹനം എന്നിവയാണ്. ഇതും കൂടാതെ വേറെ പല പല രാഗങ്ങളുണ്ട്. കർണ്ണാടക സംഗീതത്തിലെ പലതരം കീർത്തനങ്ങളും, വർണ്ണങ്ങളുമൊക്കെ ഓരോ താളത്തിനനുസരിച്ചാണ് പാടുന്നത്. കർണ്ണാടകസംഗീതത്തിൽ നമ്മൾ ഉപയോഗിക്കുന്ന പ്രധാന താളങ്ങളിൽ ആദിതാളം രൂപകതാളം എന്നിവയാണ്.


ചില പ്രധാനകൃതികളാണ് ഇപ്പോൾ താഴെ എഴുതിയിരിക്കുന്നത്.

1. ''വാതാപി ഗണപതി'' – ഈ കീർത്തനം ഹംസധ്വനി രാഗത്തിലാണ് പാടുന്നത്. ഇത് വളരെ പ്രാധാന്യമുള്ള ഒരു രാഗമാണ്. ഇത് ആദിതാളത്തിലാണ് പാടുന്നത്.
2. ''ദേവ ദേവ കലയാമിതെ'' – ഈ കീർത്തനം മായാമാളവ ഗൗള രാഗത്തിലാണ് പാടുന്നത്. ഇത് ആദിതാളത്തിലാണ് പാടുന്നത്.
3. ''കൃപയാ പാലയ ശൗരേ'' – ഈ കീർത്തനം ചാരികേശി രാഗത്തിലാണ് പാടുന്നത്. ഇത് സ്വാതിതിരുനാൾ മഹാരാജാവിന്റെ ഒരു കീർത്തനമാണ്. ഇത് മിശ്രപായിപ്പ താളത്തിലാണ് എഴുതിയിരിക്കുന്നത്.
4. ''പരമപുരുഷ ജഗദീശ്വരജയ'' – ഈ കീർത്തനം വസന്ത രാഗത്തിലാണ് പാടുന്നത്. ത്യാഗരാജരുടെ ഒരു പ്രധാനകീർത്തനമാണ്.
5. ''എന്തനേർച്ചിന എന്തജൂർചിന'' – ഈ കീർത്തനം ശുദ്ധസന്യാസി രാഗത്തിലാണ് എഴുതിയിട്ടുള്ളത്. ഇത് ആദിതാളത്തിലാണ് പാടുന്നത്. ത്യാഗരാജയുടെ ഒരു പ്രധാനകൃതിയാണിത്.
6. ''മഹാഗണപതി മനസാസ്മരാമി'' – ഈ കീർത്തനം നാട്ട രാഗത്തിലാണ് പാടുന്നത്.

ഈ കീർത്തനങ്ങൾ എല്ലാം കൂടാതെ മറ്റുള്ള കീർത്തനങ്ങളും വളരെ പ്രസിദ്ധമാണ്. ചില വ്യക്തികൾ സംഗീതത്തിൽ മുഴുകി അതു കേട്ടു കേട്ടു വളരെ വലിയ മഹാന്മാരിയിത്തീരുന്നു. നമ്മുടെ നാട്ടിൽ, നമ്മുടെ ജനങ്ങൾക്ക് കേട്ടു രസിക്കാൻ നമ്മൾ പല പരിപാടികൾ ഒരുക്കാറുണ്ട്. അവരിലൊന്നാണ് സൂര്യമേള. ഈ മേളയിൽ പല വിദ്വാന്മാരും പാടുവാൻ വരും. ആ സംഗീതക്കച്ചേരി കേൾക്കാൻ പല വ്യക്തികളും വരാറുണ്ട്. അതുകൊണ്ട് എല്ലാവരും സംഗീതം പഠിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.



# सपना या सच्चाई



आशीष वि. हेगडे VII C



**एक** घने जंगल के पास एक बड़ा घर था जिसमें मैं अपने मम्मी-पापा के साथ रहता था। एक दिन मेरे पापा ने मुझसे पूछा ''बेटा, तुम जंगल में थोड़ी देर घूमकर क्यों नहीं आते?'' ''ठीक है, पापा।'' मैं बोला। मैं जंगल में घूमने केलिए चला। वह जंगल दिन में भी बहुत डरावना था।

कुछ समय बाद मुझे एक भौंक सुनाई दी, मैं आवाज़ की ओर चल पड़ा। तब मेरा सामना एक भयानक कुत्ते से हुआ। मैं वहाँ से भाग चला; कुत्ता मेरे पीछे ही था। दूर से मुझे मेरा घर दिखाई दिया। मैं और तेज़ दौड़ने लगा और घर के अंदर घुस गया। क्या मूलाकात थी!!

कल मैं फिरसे जंगल की ओर चल पड़ा, ''काश, मेरा सामना उस कुत्ते के साथ न हो,'' मैं ने सोचा। लेकिन दुर्भाग्यवश मेरी मुलाकात उसी कुत्ते के साथ हुआ। मैंने सोचा कि यह मेरी आखिरी मुलाकात है। वह कुत्ता मुझपर लपका। ''नहीं,'' मैं चिल्लाया। उसने मेरे हाथ पर काटा। मेरे हाथ से खून निकलने लगा। मेरे चारों ओर अंधेरा ही अंधेरा। मैं अपने बिसतर से गिर गया। ''हो! तो यह सिर्फ एक सपना था।'' तब सुबह पाँच बज रहे थे।

कुछ समय बाद मैं अपने हाथ धोने केलिए बेसिन तक गया। तब .... अरे मेरे हाथ से तो खून नहीं निकल रहे थे पर उस पर एक जानवर के काटने का निशान था, ठीक वहाँ जहाँ कुत्ते ने मुझे काटा था। क्या वह हादसा सपना ही था, या सच्चाई, मुझे अभी भी नहीं पता।




एस. अभय मेनन VII C

# मीड़िया



**मीडिया** बहुत लम्बे समय से हमारे जीवन में एक महत्वपूर्ण भूमिका निभाई है। पहला अखबार सन सौलह सौ पाँच में रोमन साम्राज्य के अधीन स्ट्रास्बर्ग में प्रकाशित हुआ माना जाता है। उसके बाद समाचार पत्र बहुत लोकप्रिय माध्यम बन गया है। गिन्नस बुक ओफ़ रेकोर्ड्स के अनुसार दुनिया में सबसे ज़्यादा दैनिक प्रतियाँ टोक्यो के योम्युरी शिम्बुन अखबार का है, जो रोज़ करीब एक सौ पैंतालीस लाख प्रतियाँ निकालता है। भारत में हिन्दी के 'दैनिक जागरण' के पाठकों की संख्या सबसे ज़्यादा है, और क्षेत्रीय समाचार पत्रों में 'मलयाल मनोरमा' का सबसे बड़ा संचलन है। मीड़िया हमें दुनिया के कोने-कोने का सब खबर देता है। इसलिए पूरी दुनिया एक छोटे से गाँव में सिकुट जाता है। मिड़िया शिक्षा के क्षेत्र में भी महत्वपूर्ण है। यह विज्ञान और अन्य क्षेत्र का ताज़ा घटना क्रम हम तक पहुँचाते हैं। यह हमें अन्य प्रतिष्ठित कलाकारों की उपलब्धियों की जानकारी के द्वारा प्रेरित करता है।

लोकतंत्र का कार्य मीड़ीया पर अन्याधिक निर्भर है। यह उनके काम और नीतियों में प्रकाश डालकर सरकार को लोगों में ले आता है। एक और प्रमुख माध्यम दूरदर्शन है। घर बैठे हम सब सबेरे दूरदर्शन में देख सकते हैं। समाचार के अलावा मनोरंजन और शिक्षा की सामग्री भी इसमें भरपूर है। आधुनिक दुनिया में एक मीड़िया के रूप में इंटरनेट सबसे आगे निकल आया है। यह तेज़ी से सबसे प्रमुख और सबसे प्रभावशाली बन रहे है। ये सब पूरी दुनिया को शिक्षित करने में मदद करते है।



# दोस्ती

**विग्नेश दर्शन** XA


**दोस्ती** तेरा क्या कहना!
तू वो है जीवन का गहना
रूप है तेरा अनोखा
प्यारा-प्यारा है निराला
मोल है तेरा अनमोल
कोई कर सके न तेरा तोल!
फूल सा नाज़ूक हीरा सा
तोड़ना है आसान पर जोड़ना
रख़दे तू सब का दिल ख़ोल
जीवन को करदे Rock n' roll
जो न तुझ को पाए
उसकी किस्मत हाय!
जिसको तू मिल जाए
Life उसका बन जाए।



**सूरज आर.** VIB

**अंधेरे** को हटाता सूरज,
आशा मन में भरता सूरज,
आलोक से चमकता सूरज,
आलस्य को भगाता सूरज।
समय-समय पर काम करता वह
परसेवा पर तन्मय है।
फल -प्राप्ति की इच्छा से दूर
रहकर करता परोपकार।
पढ़े-पढ़े हम बढ़ें-बढ़ें,
ऊँचाई पर चढ़ें, चढ़ें,
करों करों हम सहायता,
सूरज बनकर सफल रहें।

# सूरज की सीख





# चाँदनी



**सांजो संतोष** VIA


**चमचम** चमचम चंदा चमके
तारे चमके झिलमिल।
आओ, आओ खेलें हिलमिल
आज चाँदनी में हम-सब।।


ठंड़ी - ठंड़ी हवा बह रही
लोरी - सी कुछ गाती।
अभी नहीं सोएगा कोई
नींद किसे है आती।।

देख़ो धीमे - धीमे झूमीं
फूलों के ये पाँख़ें।
जूही, चमेली चमकीं जैसे
बगिया की सौ आँख़ें।।

ख़ूब भरी है नदी दूध हो
दूध भरा है झरना।
अच्छा लगता आज सभी को
दूर-दूर तक फिरना।।

अरे चाँद, तुम कौन बताओ
चाँद की याली जैसे
प्यारे तारे, झरे फूल से
बोलो, किस ड़ाली से।।





# मित्रता

**पियुष कुमार** IXC

**मित्रता** वह भाव है जिसका वर्णन नहीं किया जाता।यह लोगों के बीच होनेवाली एक आत्मबंधन है।

कवियों और लेखकों ने तो मित्रता के बारे में बहुत कुछ लिखा है। लेकिन उन सब से मित्रता का भाव मन में नहीं घुसता। इसकेलिए मित्र होने चाहिए, उनसे एक बंधन होना चाहिए। हम सबके दोस्त हैं - एक हो या अनेक हमारा जीवन हमारे मित्रों पर आश्रित है। इसलिए यह आवश्यक है कि हम अपने सच्चे मित्रों को चूने। सच्चा मित्र हमें गुमराह होने से रोकता है।

लेकिन ऐसे भी कुछ व्यक्तित्व है जो मूँह में राम, बगल में छुरी नामक कहावत को दर्शते। हैं ये लोग हमें गलत राह पर ला सकते है और हमें मुसीबत में ड़ाल सकते हैं। जब दु:ख झेलने का वक्त आता है तो सच्चा मित्र हमारा साथ देता है। इसी तरह हमें भी अपने मित्र की मदद करनी चाहिए।

बिना मित्रों के जीवन में कोई मस्ती नहीं है। जीवन में मायूसी सी और अकेलापन का अनुभव होता है। दोस्ती जब टूटती है, तब दु:ख होता है। लेकिन सच्चे मित्र लंबे समय तक बिछड़ कर नहीं रह सकते। बुरे मित्रों से दोस्ती तोड़ने में ही अच्छाई होती है। हम सबके दोस्त हमें बहुत प्यार करते हैं।





# ईश्वर की कृपा

**एम.बी. शेखर** VC

**एक** जंगल था। उस में एक बहुत बड़ी नदी बहती थी। नदी में बहुत मछलियाँ थी। एक दिन एक लड़का नदी के घाट पर आ बैठा। मछली पकड़ने केलिए उसने जाल नदी में ड़ाला। नदी में मगरमच्छ रहता था। वह कुछ दूरी पर तैर रहा था। उसे लड़के की गन्ध मिली। उसने धीरे-धीरे लड़के की ओर बढ़ा। लड़का पानी में पैर ड़ाले निश्चित भाव से बैठा था।

जंगल में एक भेड़िया रहता था। उसे बड़ी भूख लगी। वह शिकार की खोज में निकला। लड़के पर उसकी नज़र पड़ी। वह भी बड़ा खुश हुआ। वह धीरे-धीरे घाट की ओर बढ़ा। मगर को भेड़िये का पता न था और भेड़िये को मगर का तनिक भी पता न था। दोनों लड़के की ओर बढ़ रहे थे।

भेड़िये ने लड़के को पकड़ने केलिए छलाँग मारी। लड़का घबरा गया। वह दबक गया और भगवान का स्मरण करने लगा। उधर मगरमच्छ लड़के को पकड़ने केलिए मुँह बाए हुए रहा था। लड़के के दबकने से भेड़िया मगर के मुँह में जा गिरा। यह सब क्षण - भर हो गया। लड़के की जान बच गयी। सच है, ईश्वर जिस पर कृपा करते हैं उसे कोई मार नहीं सकता।



# मातृभूमि



**अभिजित मोहन आर** VIII A

वह हमारा भारत है,
वह हमारी मातृभूमि है।

वह बहुत त्यागी है,
वह बहुत सुन्दर है,
वह हमारा मंदिर है,
वह हमारा देश है,
वह हमारा भारत है।

वह हमारा विद्यालय है,
वह हमारा संग्रहालय है,
वह हमें पढ़ाती है,
वह हमारा भारत है।

यहाँ हमारा आलय है,
यहाँ हम खेलते हैं,
यहाँ हम पढ़ते हैं,
यहाँ हमारा मधुर केरल है।

वह बहुत बड़ा है,
वह बहुत सहज है,
वह हमारा प्रेमी है,
वह हमारा भारत है।



टाइटस बेन साजन VC



# मेहनत का फल मीठा होता है।

**एक** गाँव में गोपाल नाम का एक किसान रहता था। वह अमीर था मगर आलसी था। वह अपने सभी कामों केलिए नौकरों पर निर्भर करता था। वह अपने खेतों में नहीं जाता था और अपने गोशाला में भी नहीं वह अपने घर की भी चिंता नहीं करता था।

गोपाल आलसी होने को कारण काम से अपना मुख चुराता था। इसके कारण उसका फसल कम होने लगा और दूध का निर्माण भी कम हो गया। उसका घर भी अच्छी तरह नहीं रहा। वह अपने सभी कामों से मन चुराता था और अपने सभीनष्टों की जिम्मेदारी दूसरों पर ड़ालता था।

एक दिन उसका मित्र कन्नैया उसके पास आया। गोपाल अपने मित्र से बोला "मैं पहले जैसा नहीं रहा।" सभीतरह से मेरा नुक्सान हो रहा है। मैं क्या करूँ? कन्नैया को मालूम था कि उसका मित्र आलसी है। वह गोपाल से बोला "तुम मानसरोवर के पक्षी को देखो, इससे तुम्हारी स्थिति बदल जायगी। गोपाल ने पूछा "मैं पक्षी को कैसे देख सकता हूँ? " उसके मित्र ने कहा यह मैं भी नहीं जानता मगर ये सुना है कि ये पक्षी हर रोज प्रात: आता है। गोपाल ने कहा ऎसा है तो में इस पक्षी को देखने का प्रयत्न करूँगा।

अगले दिन गोपाल प्रात: उठकर अपने खेत में गया और उसने किसी को उसकी खेत से भुट्टा चुराते हुए देखा। गोपाल ने उसे नंगे हाथ पकड़लिया मगर जब चोर ने कहा भविष्य में कभी ऎसा नहीं चुराऊँगा तो गोपाल ने उसे छोड़ दिया।

उसके बाद वह गोशाला में गया। उसने देखा उसका नौकर दूध चूरा रहा था। यह देखकर उसने उसे नौकरी से निकाल दिया। उसके बाद घर पहूँचा नाश्ता खाकर पक्षी की खोज़ में निकल गया।

जब वह अपने खेत से होकर जा रहा था उसने देखा उसके नौकर काम करने नहीं आये जब कि तंख्वाह समय पर लेकर जाता है। उसने अपने नौकरों से गुस्सा किया और पूछा तुम देर से क्यों आये। आज के बाद यदि देर से आयेगा तो वेतन कम करदूँगा। उनके नौकरों ने उससे कहा आज के बाद कभी भी देर से नहीं आयेंगे। इस प्रकार से गोपाल ने अपने धंधो में हो रहा नष्ट का कारण समझ लिया। सभी चीज़ में उसकी अनुपस्थिति का फायदा उसके नौकर उठा रहे थे।

इसके बाद वह प्रतिदिन अपने सभी काम के स्थान जैसे खेत, गोशाला, घर आदि तक जाया करता था। जब उसके काम करने वाले नौकर समझ गये कि उनके मालिक हर दिन उनका काम देखने आते हैं वे चौक्कने हो गये। इस तरह गोपाल के धंधे में लाभ बढ़ने लगा। अब उसे उसके मित्र द्वारा मानसरोवर में पक्षी को देखने का सुझाव समझ में आ गया। वह अपने मित्र के पास जाकर उसे धन्यवाद दिया। इस प्रकार गोपाल अपने आलसी आदत को छोड़ काम करने का आदत सीख गया।

सीख: आलस छोड़कर कठिन परिश्रम करने से जिंदगी में सफलता मिलती है।

# ART GALLERY




Abhinav Vijay UKG A




P. Akshay UKG B




Arjun R., UKG A




Dheeraj A.S., UKG A




Gokul M., UKG A




Joel Jose UKG B





Jonathan Arun Varghese UKG A




Pranav R. Ambareesh UKG B




Sreeram B., UKG B




Timothy J. Sajan UKG B




Shyamsunder UKG B




Navaneeth Raj III A



Thomas Arvee III A




Vikram Surya R., III B



Rohit Anil Kumar III B



Harisankar S., III C




Timothy Arvee III C






Ajay S.M., IV A





Nevin Koshy John IV A



Gautam A.S., IV B

Thariq Shajahan IV B







Nikhil S., V A





Vishnu V., V A




Dev Narayan R., III B




Gopik Santhosh V A


Ananthakrishnan I A



Adithya Jayakumar I A



Nidhin Joseph Abraham I B


Agnivesh U., I B



Rohit G., VII C


Karthik M., VIII C






Geomel George II A

Aadithya S.R., II A




Adarsh A.R., II B


Rahul M. Biju II B



Arjun Raj IX A


Noel Ranjith V A


Midhun Srinivas V B


Viswajit V. Nair V B


Livian Rufus VI C


Nithin Kunjumon VI C




Joe Augustine Thomas VI A



George E. George VIII C


Appu Ajith XI C


Sandeep Sarvan VII B

Anantha Krishnan S., VI C








Anand Jyothi A., IX D









Terence Rufus X A

Tanuj M. Nair X A

Niketh S.J., XII A

Gautham Ravindran VIII C





Akarsh Vijay VIII A







Gautham Ravindran VIII C

Neeraj Menon M., VIII A

MARTIAL ARTISTS



PRE-SENIOR FOOTBALL TEAM



PRE-SENIOR BASKETBALL TEAM



SHUTTLE BADMINTON TEAM



# AERIAL VIEW OF

